# വിഷൻ – 100

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025

### മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂൾ

മുട്ടുങ്ങൽ വെസ്റ്റ് പി.ഒ.

# ആമുഖം

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം സംരക്ഷിക്കാനും, കാലാനുസൃത
മായി പരിഷ്കരിക്കാനുമായി സർക്കാർ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംര
ക്ഷണ യജ്ഞം നമ്മുടെ പൊതു സമൂഹം ഏറ്റെടുത്തിരിക്കുകയാണ്. നമ്മുടെ
സമൂഹത്തിൽ വന്നുചേർന്നുകൊണ്ടിരിക്കുന്ന ഗുണപരമല്ലാത്ത പലപ്രവണത
കളുടെയും അടിസ്ഥാന കാരണങ്ങളിലൊന്ന് മൂല്യ വിദ്യാഭ്യാസത്തിന്റെ അഭാവം
കൂടിയാണ്. പൊതുവിദ്യാഭ്യാസ രംഗത്തിന്റെ തകർച്ച സമൂഹത്തിലുണ്ടാകുന്ന
പ്രശ്നങ്ങൾ തിരിച്ചറിയുന്നു. പൊതുവിദ്യാഭ്യാസത്തെ ആധുനികവത്കരിച്ച് പരി
പൂർണ്ണമായി വിദ്യാർത്ഥി കേന്ദ്രിതമാക്കുക എന്നത് ഓരോ വിദ്യാലയ
ത്തിന്റെയും കടമയാണെന്നും ഞങ്ങൾ തിരിച്ചറിയുന്നു.

പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വളർച്ചയുടെ പടവുകൾ ചവിട്ടി
ക്കയറിയ മുട്ടുങ്ങൽ വിജ്ഞാന ദീപിക എൽ.പി. സ്കൂൾ ഒട്ടേറെ അക്കാദമിക
നേട്ടങ്ങൾ ഇതിനകം കൈവരിച്ചിട്ടുണ്ട്. എന്നാൽ ആധുനിക വിദ്യാഭ്യാസത്തിന്റെ
സാധ്യതക്കനുസരിച്ച് ഒട്ടേറെ ഭൗതികമായ മെച്ചപ്പെടുത്തലുകൾ നമ്മുടെ വിദ്യാല
യത്തിൽ ആവശ്യമായിട്ടുണ്ട്. സാധാരണ കുടുംബത്തിൽ നിന്ന് വരുന്നകൊച്ചു
കുരുന്നുകളെ വിശ്വമാനവനായി വളർത്തിയെടുക്കാൻ വേണ്ട വിഭവങ്ങൾ
നമുക്ക് കൈയ്യെത്തും ദൂരത്തു തന്നെയുണ്ട്. അത് ഈ വിദ്യാലയത്തിന്റെ വിഭവ
ങ്ങളാക്കി മാറ്റാൻ അധ്യാപകരും, രക്ഷിതാക്കളും, ജനപ്രതിനിധികളും, പൊതു
ജനങ്ങളും ഒത്തു ചേർന്ന് പ്രവർത്തിക്കുക എന്നതാണ് പ്രധാനം. 2017 മാർച്ച്
19ന് വിപുലമായ വിദ്യാലയ വികസന സെമിനാർ നടത്തിയിരുന്നു. അതിൽ അടി
സ്ഥാനത്തിൽ വിവിധ തലങ്ങളിൽ സ്കൂളിൽ ഭൗതികവും, അക്കാദമികവുമായ
വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം 2017 ഡിസംബർ ആദ്യവാരത്തിൽ
ടഞഎ യോഗം ചേർന്ന് വിഷൻ 100 അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള
കരട് പദ്ധതിയെക്കുറിച്ച് ചർച്ച നടത്തി. തുടർന്ന് 14–12–2017ന് പി.ടി.എ. ജന
റൽബോഡിയിൽ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ ലഭി
ക്കാൻ രക്ഷിതാക്കൾക്ക് ഒരു ചോദ്യാവലി തയ്യാറാക്കി നിർദ്ദേശങ്ങൾ പരിഗണിച്ച്
മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ ചർച്ച ചെയ്തു. 12–01–2018ന്
കരട് പദ്ധതി രേഖ സി.ആർ. പി.യിൽ നടന്ന അവലോകന യോഗത്തിൽ അവതരി
പ്പിച്ചും ടഞഎ യോഗത്തിൽ ലഭിച്ച നിദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യ
മായ ഭേദഗതി പദ്ധതികൾ പരിഷ്കരിച്ചും ഇങ്ങനെ വിവിധ തലങ്ങളിൽ ചർച്ച
ചെയ്ത് രൂപപ്പെടുത്തിയ പദ്ധതികൾ സ്കൂളിന്റെ സമഗ്ര വികസനത്തിന് മാർഗ്ഗ
രേഖയാവുമെന്ന പ്രതീക്ഷയോടെ പൊതു സമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്നു.

# വിദ്യാലയ ചരിത്രം

നാഷണൽ ഹൈവേയുടെ പടിഞ്ഞാറു ഭാഗത്തായി, പ്രശാന്തസുന്ദരമായ പെരുവന വയലിന്റെ ഓരത്ത്, അറബിക്കടലിന്റെ ഇരമ്പൽ കേട്ടുകൊണ്ട് അക്ഷരശ്രീയുടെ ശ്രീകോവിലായി ഒരു സരസ്വതി ക്ഷേത്രം- മുട്ടുങ്ങൽ വിജ്ഞാനദീപിക എൽ.പി. സ്കൂൾ ചുരുക്കനാമം മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂൾ.

പരേതനായ ശ്രീ. തിരുമംഗലത്ത് ആണ്ടിമാസ്റ്റർ നടത്തിവന്ന ചാലിയോട്ട് സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെട്ടപ്പോൾ 1938ൽ ശ്രീ. ചേക്കാലിക്കണ്ടി കുഞ്ഞിക്കണ്ണൻ വൈദ്യർ ചോറോട് ഗേറ്റിനടുത്ത് നാറോത്ത് പറമ്പിൽ സ്ഥാപിച്ച സംസ്കൃത സ്കൂളാണ് മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂളിന്റെ തുടക്കം. വടകര താലൂക്കിൽ മാത്രമല്ല കോഴിക്കോട് ജില്ലയിൽ തന്നെയുള്ള പല ആയുർവേദ ദവൈദ്യൻ മാരുടെയും ഗുരുനാഥനായ പരേതനായ ശ്രീ. ചേക്കാലിക്കണ്ടി കുഞ്ഞിക്കണ്ണൻ വൈദ്യർ പേരുകേട്ട നേത്രരോഗ വിദഗ്ദ്ധനും അപസ്മാര രോഗ വിദഗ്ദ്ധനുമായിരുന്നു. സംസ്കൃത സ്കൂളിലെ അധ്യപകരായി സൗജന്യ സേവനമനുഷ്ഠിച്ചത് പരേതരായ വലിയ വീട്ടിൽ നാണു മാസ്റ്റർ, കോപ്പാളന്റവിട ഉണ്ണി മാസ്റ്റർ, കറപ്പൻ വൈദ്യർ, വളപ്പിൽ ഉണ്ണിമാസ്റ്റർ, ഗുരിക്കളെവിട ഗോപാലൻ മാസ്റ്റർ കൂടാതെ ഇതിനെല്ലാം മേൽനോട്ടക്കാരാനായി ശ്രീ. കുഞ്ഞിക്കണ്ണൻ വൈദ്യരും.

പിൽക്കാലത്ത് ഈ സ്കൂൾ അവിടെനിന്ന് പൊളിച്ചുമാറ്റി, ഇപ്പോൾ മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂൾ സ്ഥിതിചെയ്യുന്ന കുനിയിൽ പറമ്പിൽ നാലുകാലിൽ ഒരു ഷെഡുകെട്ടി സ്ഥാപിച്ചു. 1943 ൽ ഈ സ്കൂളിന് ഗവ: അംഗീകാരവും നേടി.അവിവാഹിതനും സംസ്കൃത പണ്ഡിതനുമായിരുന്ന വൈദ്യരുടെ ശിക്ഷണത്തിലായിരുന്നു. ഈ സ്ഥാപത്തിന്റെ പഠനനിലവാരം നിലനിന്നു വന്നിരുന്നത്. മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂളിന്റെ ആദ്യ പ്രധാനാധ്യാപകൻ പരേതനായ ശ്രീ. അനന്തക്കുറുപ്പ് മാസ്റ്റർ ആയിരുന്നു. അധ്യാപകരായി ഇടത്തിൽ മാധവി ടീച്ചർ, കാവുതിയന്റവിട ദേവുടീച്ചർ, മരക്കാന്റവിട യശോദ ടീച്ചർ, വലിയ വീട്ടിൽ ലക്ഷ്മി ടീച്ചർ, എ.പി. മൈഥിലി ടീച്ചർ, സി.എച്ച്. കൗസു ടീച്ചർ, വലിയ വീട്ടിൽ ജാനു ടീച്ചർ, കെ.കെ. കല്ല്യാണി ടീച്ചർ, കെ.കെ. മാലതി ടീച്ചർ, പടിഞ്ഞാറെക്കണ്ടി ഗോപാലക്കുറുപ്പ് മാസ്റ്റർ, കുഞ്ഞിരാമൻ മാസ്റ്റർ, വരോൽ അമ്മുക്കുട്ടി ടീച്ചർ, കളരിക്കണ്ടി ഗോപാലൻ മാസ്റ്റർ, എം. ചന്തുപ്പണിക്കർ മാസ്റ്റർ, കെ. കെ. മാധവി ടീച്ചർ, താല്ക്കാലികാധ്യാപകനായി സി.എം. വാസു മാസ്റ്റർ, പുല്ലാഞ്ഞോളി വേണു മാസ്റ്റർ, ശോഭ ടീച്ചർ, ഗീതാ ഗോപിനാഥ്, എന്നിവരും നിസ്തുലമായ സേവനം കാഴ്ചവെച്ച അധ്യാപകരാണ്.

ആദ്യത്തെ ഹെഡ്മാസ്റ്റർ അനന്തക്കുറുപ്പിനു ശേഷം, സി.എച്ച്. ജാനു ടീച്ചർ, കളരിക്കണ്ടി ഗോപാലൻ മാസ്റ്റർ, എം. ചന്തുപ്പണിക്കർ മാസ്റ്റർ, കെ.പി. ഗോപാലൻ മാസ്റ്റർ എന്നിവർ യഥാക്രമം ഈ സ്ഥാനം അലങ്കരിച്ചു.

അധ്യാപകർക്ക് ശമ്പളം കിട്ടാത്ത അവസരങ്ങളിൽപോലും ഒരു മാനേജരും ചെയ്യാത്ത രീതിയിൽ അധ്യാപകർക്ക് അർഹതപ്പെട്ട വേതനം കൃത്യ

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിലെ ഓരോ കുട്ടിയും ക്ലാസ്സ് നിലവാരത്തിനനുസരിച്ച് മലയാള ഭാഷയിൽ ആശയ വിനിമയത്തിനും അർത്ഥ പൂർണ്ണമായ വായനയ്ക്കും, എഴുത്തിനുമുള്ള ശേഷി കൈവരിക്കുമെന്ന് ഉറപ്പാക്കും.
- ഇംഗ്ലീഷ് ഭാഷയിൽ മുഴുവൻ കുട്ടികൾക്കും വായനയ്ക്കും, എഴുത്തിനുമുള്ള കഴിവ് നേടിയെടുക്കുമെന്ന് ഉറപ്പാക്കും.
- മലയാളം - ഇംഗ്ലീഷ് ഭാഷകളിൽ ആത്മ വിശ്വാസത്തോടെയുള്ള ആശയ വിനിമയ ശേഷി കുട്ടികളിൽ വളർത്തിയെടുക്കും.
- ചതുഷ്ക്രിയകൾ പ്രായോഗിക ജ്ഞാനത്തോടെ കൈകാര്യം ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളും നേടിയെടുക്കുമെന്ന് ഉറപ്പാക്കും.
- ഗണിത പഠനത്തിൽ മെട്രിക് അളവുകളുമായി ബന്ധപ്പെട്ട അടിസ്ഥാന ധാരണകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കും.
- ഗണിത പഠനത്തിൽ സർഗ്ഗാത്മക സാധ്യതകളെ പ്രയോജനപ്പെടുത്തി ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമാക്കും.
- സ്കൂളിൽ ഗണിത ലാബ് സജ്ജീകരിക്കും.
- ശാസ്ത്ര പഠനം - കൂടുതൽ പരീക്ഷണ - നിരീക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രക്രിയാബന്ധിതമായ ശാസ്ത്ര പഠനാന്തരീക്ഷം ഉറപ്പാക്കും.
- സാമൂഹിക ശാസ്ത്ര ബോധത്തിൽ പ്രക്രിയാ ബന്ധിതമായ വാതിൽപ്പുറപഠനത്തിലൂടെ പഠന നേട്ടങ്ങൾ ഉറപ്പാക്കും.
- കുട്ടികൾക്ക് മികച്ച കായിക ശേഷി നേടിയെടുക്കാൻ മെച്ചപ്പെട്ട പരിശീലനം എല്ലാ കുട്ടികൾക്കും ഉറപ്പാക്കും.
- കായിക മേഖലയിൽ ഓരോ കുട്ടിയുടെയും കഴിവിന്റെ മേഖല കണ്ടെത്തി മികച്ച പരിശീലനം നൽകും.
- പഠന പിന്നോക്കാവസ്ഥ - പഠനവൈകല്യങ്ങൾ കണ്ടെത്തി അവർക്ക് ഉചിതമായ പരിശീലനം നൽകി മുഖ്യധാരയിലെത്തിക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കാനും, അവർക്ക് മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കി മുഖ്യ മുഖ്യധാരയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ബി.ആർ.സി. സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ നടത്തും.
- പ്രതിഭകളായ കുട്ടികൾക്ക് മെച്ചപ്പെട്ട പരിശീലനങ്ങൾ ലഭ്യമാക്കും.
- പ്രവൃത്തി പരിചയ മേഖലകളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിന് വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തും. അവർക്ക് രക്ഷിതാക്കളുടെ പിന്തുണയോടെ തുടർപരിശീലനം ഉറപ്പാക്കും.
- ബോധന പ്രക്രിയകൾ പരിവർത്തനം ഉറപ്പാക്കുന്ന രീതിയിൽരക്ഷകർത്താക്കൾക്ക് ഉചിതമായ പരിശീലനം നൽകും. അതുവഴി കുട്ടികൾക്ക് രക്ഷാകർതൃപിന്തുണ ഗൃഹാന്തരീക്ഷത്തിൽ ഉറപ്പാക്കും. സ്കൂളിന്റെ പഠനാന്തരീക്ഷത്തിന്റെ മികവിന് സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രക്രിയാധിഷ്ഠിത പരിപാടികൾ നടപ്പിലാക്കും.

## ഭാഷ : മലയാളം

## പ്രവർത്തന പദ്ധതികൾ

- അർത്ഥ പൂർണ്ണമായ വായന, ലേഖനം എന്നിവയ്ക്ക് എല്ലാ കുട്ടികൾക്കും കഴിവ് ലഭിക്കുമെന്ന് ഉറപ്പാക്കൽ.
- പഠന പിന്നോക്കാവസ്ഥ/പഠനവൈകല്യം/തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കും.
- ഭാഷാ വ്യവഹാരങ്ങൾ ആത്മാവിഷ്കാര പ്രകടിത രൂപമായി അവതരിപ്പിക്കാൻ അവസരങ്ങൾ ലഭ്യമാക്കുക.
- വായനാപോഷണത്തിനായി കുട്ടികൾക്ക് രക്ഷാകർത്യ പിന്തുണ ഉറപ്പാക്കൽ
- വായനാശീലം രക്ഷിതാക്കളും, കുട്ടികളും ഉൾപ്പെടുന്ന പഠനാന്തരീക്ഷവുമായി ബന്ധിപ്പിക്കാൻ പ്രദേശത്തെ ലൈബ്രറിയിൽ 2,3,4 ക്ലാസ്സിലെ കുട്ടികൾക്ക് അംഗത്വം ഉറപ്പാക്കുക.
- ഐ.സി.ടി.–ഭാഷാ വ്യവഹാര രൂപങ്ങൾ, എഴുത്തുകാർ എന്നീ മേഖലയിൽ കുട്ടികളുടെ അറിവ് വിപുലീകരിക്കാൻ പ്രയോജനപ്പെടുത്തും.

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം 2018 – 19 | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | അർത്ഥപൂർണ്ണമായ വായന, ലേഖന പ്രക്രിയയിൽ പങ്കാളികളാവാൻ കഴിവ് നേടൽ - ഇന്നത്തെ വാർത്ത - എന്റെ വാർത്ത തയ്യാറാക്കലും വായിക്കലും (3,4 ക്ലാസ്സുകൾ) | പദ്ധതിയുടെ ആസൂത്രണം | 2018 - 19 ജൂൺ 15 | SRG കൺവീനർ | |
| | | പത്രവാർത്ത എഴുതിക്കൊണ്ട് വന്ന് മൈക്കിലൂടെ വായന | ജൂലൈ ആദ്യവാരം | 4-ാം ക്ലാസ്സ് ടീച്ചർ | |
| | | വാർത്ത തയ്യാറാക്കൽ പരിശീലനം ((3,4 ക്ലാസ്സിലെ കുട്ടികൾ.) | ജൂലൈ രണ്ടാം വാരം | ക്ലാസ്സ് ടീച്ചർ SRG | |
| | | ഇന്നത്തെ വാർത്ത - എന്റെ വാർത്ത തയ്യാറാക്കലും അവതരണവും, കുട്ടികൾക്ക് ചുമതല നൽകൽ | ജൂലൈ അവസാന വാരം | ക്ലാസ്സ് ടീച്ചർ | |
| | | പദ്ധതി വിലയിരുത്തൽ | ആഗസ്റ്റ് | CPTA , SSG | |
| | ഇന്നത്തെ ചിന്താവിഷയം | പദ്ധതി ആസൂത്രണം ചുമതലാ വിഭജനം. | ജൂൺ | SRG കൺവീനർ | |
| | | അധ്യാപകരുടെ അവതരണം | ജൂലൈ, ആഗസ്റ്റ് | അധ്യാപകർ | |
| | | ഇന്നത്തെ ചിന്താവിഷയം - തയ്യാറാക്കൽ ശില്പശാല 1ദിവസം | സെപ്തംബർ 1-ാം വാരം | SRG | |
| | | തയ്യാറാക്കിയ കുട്ടികളുടെ അവതരണം. | സെപ്തംബർ 2-ാം വാരം | ക്ലാസ്സ് ടീച്ചർ | |
| | | വിലയിരുത്തൽ | നവംബർ | CPTA | |

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം 2018 - 19 | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | 1,2 ക്ലാസ്സുകളിലെ കുട്ടികളുടെ ഭാഷാശേഷിയും ചിന്താശേഷിയും വികസിപ്പിക്കൽ. | പാഠഭാഗത്തെ അടിസ്ഥാനമാക്കി സംഭാഷണങ്ങൾ വാചികമായി അവതരിപ്പിക്കൽ. | ആഗസ്ത് | ക്ലാസ്സ് ടീച്ചർ | |
| | | പാഠഭാഗത്തിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ വായിക്കൽ, എ4 ഷീറ്റ് ചാർട്ട് പേപ്പർ എന്നിവയിൽ എഴുതി അവതരണം. | സപ്തംബർ, ഒക്ടോബർ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |
| | | ആഴ്ചയിലൊരു ദിവസം പാഠാശയങ്ങൾ അവതരിപ്പിക്കൽ. | നവംബർ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |
| | | പാഠഭാഗത്തെ അടിസ്ഥാനമാക്കി സ്കിറ്റ്, ആസൂത്രണവും അവതരണവും (ബാലസമാജം) | ഡിസംബർ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |
| | | പ്രവർത്തനങ്ങൾ വിലയിരുത്തൽ | | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ, ഹെഡ് ടീച്ചർ | |
| | വായനാപോഷണ പരിപാടി (1,2, ക്ലാസ്സുകൾ) - കുഞ്ഞുവായന | കുഞ്ഞുവായന സാമഗ്രികൾ ചിട്ടയായി വർഗ്ഗീകരിക്കൽ. | ആഗസ്ത് | SRG | |
| | | വായനാസാമഗ്രികൾ വിതരണം വായനാ -പ്രിടെസ്റ്റ് | സപ്തംബർ | ക്ലാസ്സ് ടീച്ചർ | |
| | | അക്ഷര-ചിത്ര വാക്യകാർഡുകൾ തയ്യാറാക്കൽ-ക്യാമ്പ് | ഒക്ടോബർ | രക്ഷിതാക്കൾ , PTA | |
| | | വായനാമത്സരം | നവംബർ | രക്ഷിതാക്കൾ, SSG, ഹെഡ് ടീച്ചർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി ശാക്തീകരണം | പദ്ധതി ആസൂത്രണം. | ഏപ്രിൽ ആദ്യവാരം | SRG, PTA | 1000 |
| | പുസ്തകങ്ങളുടെ പട്ടികതയ്യാറാക്കി ആവശ്യമായ കോപ്പികൾ എടുക്കൽ. | ഏപ്രിൽ രണ്ടാംവാരം | അധ്യാപകർ | |
| | ഗൃഹസന്ദർശനം. | ഏപ്രിൽ 15 മുതൽ 3-ാം വാരം | അധ്യാപകർ PTA അംഗങ്ങൾ | |
| | പുസ്തക വിതരണ ശാലകളുമായി പദ്ധതി ചർച്ച | മെയ് ആദ്യ വാരം | SRG കൺവീനർ രക്ഷിതാക്കൾ, ഹെഡ് ടീച്ചർ | |
| | രണ്ടാംഘട്ട ഗൃഹസന്ദർശനം. | മെയ് രണ്ടാംവാരം | അധ്യാപകർ PTA അംഗങ്ങൾ | |
| | പുസ്തക സമാഹരണം | മെയ് 15 മുതൽ | അധ്യാപകർ | |
| | ക്യാറ്റലോഗ് തയ്യാറാക്കൽ പുസ്തകം വേർതിരിക്കൽ | മെയ് 25 മുതൽ | അധ്യാപകർ SSG അംഗങ്ങൾ | |
| അമ്മ വായന | പദ്ധതി ആസൂത്രണം SRG - PTA | ജൂൺ ഒന്നാം | SRG കൺവീനർ | |
| | പുസ്തകങ്ങളുടെ പട്ടികയും, പുസ്തക വിതരണ രജിസ്റ്ററുകളും തയ്യാറാക്കൽ. | ജൂൺ | ലൈബ്രറി ചുമതലയുള്ള അധ്യാപിക | |
| | വായനാകുറിപ്പ് മത്സരം | ജൂൺ 19 – 26 | SRG | |
| | സമ്മാനദാനം | ജൂൺ 30 | PTA എക്സിക്യൂട്ടീവ് HM | |

| Sl. No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ ആശയ-വിനിമയ ശേഷി മെച്ചപ്പെടുത്തൽ(ലേഖനം, വായന) കുറിപ്പ് തയ്യാറാക്കൽ-വായിക്കാം) | SRG പദ്ധതി ആസൂത്രണം. | ജൂലൈ | SRG കൺവീനർ | |
| | | കുറിപ്പ് തയ്യാറാക്കുന്നതിന് അനുയോജ്യമായ വിഷയങ്ങൾ സംഭവങ്ങൾ പട്ടികപ്പെടുത്തൽ | ജൂലൈ 15 | SRG | |
| | | കുറിപ്പ് തയ്യാറാക്കൽ പരിശീലനം | ജൂലൈ 30 | അധ്യാപകർ | |
| | | മാതൃകാവായന-അസംബ്ലി | ആഗസ്റ്റ് 1 | ഹെഡ് ടീച്ചർ | 1000 |
| 2. | പത്ര ആൽബം തയ്യാറാക്കൽ | SRG പദ്ധതി ആസൂത്രണം. | മെയ് | | |
| | | പത്രങ്ങളിലെ-വൈജ്ഞാനിക മേഖലയുമായി ബന്ധപ്പെട്ട പേജുകൾ ശേഖരിക്കൽ (അക്ഷരമുറ്റം, വിദ്യ പർപ്പുര, ബാലചന്ദ്രിക...) | ജൂൺ മുതൽ ഒക്ടോബർ വരെ | SRG, CPTA SSG | |
| | | കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ പത്ര കട്ടിംഗുകൾ വിഷയാടിസ്ഥാനത്തിൽ വേർതിരിക്കലും ചാർട്ടിൽ ഒട്ടിക്കലും (ആൽബം) | ഒക്ടോബർ 1 മുതൽ 15 വരെ | CPTA ടീച്ചർമാർ | |
| | | ആൽബം-പ്രകാശനം | നവംബർ 1 | ഹെഡ് ടീച്ചർ PTA | |

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | പദ്ധതി ആസൂത്രണം - കുട്ടി അടിസ്ഥാന ഗണിതാശയങ്ങൾ പട്ടികപ്പെടുത്തൽ. | ജൂലൈ | SRG, ക്ലാസ്സ് ടീച്ചർമാർ | |
| | | പ്രീ-ടെസ്റ്റ് ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ വർക്ക് ഷീറ്റ് നൽകുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു. | ജൂലൈ 15 | ക്ലാസ്സ് ടീച്ചർ | |
| | | രക്ഷിതാക്കളെ ഉൾപ്പെടുത്തി പഠന ഉപകരണ നിർമ്മാണ ശില്പശാല | ആഗസ്റ്റ് | ഹെഡ് ടീച്ചർ PTA, SSG | |
| | | പരിശീലന മൊഡ്യൂൾ വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കുന്നു. | സെപ്തംബർ | | |
| | | പ്രവർത്തന പാക്കേജ് 20 ദിവസം രാവിലെ 9 മണിമുതൽ 10 മണിവരെ നടപ്പിലാക്കുന്നു. വിലയിരുത്തുന്നു. ഒഴിവു ദിവസങ്ങളും പ്രയോജനപ്പെടുത്തുന്നു. | ഒക്ടോബർ | | |
| | | പഠന നേട്ടങ്ങൾക്കനുസൃതമായ മൊഡ്യൂളുകൾ തയ്യാറാക്കി പരിശീലനം തുടരുന്നു. (വർക്ക് ഷീറ്റിൽ) | നവംബർ | CPTA | |
| | | CPTA യിൽ വിലയിരുത്തൽ | നവംബർ | | |

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ചതുഷ്ക്രിയകൾ പ്രായോഗിക ജ്ഞാനത്തോടെ നിർദ്ധാരണം ചെയ്യൽ. | പദ്ധതി ആസൂത്രണം - SRGയിൽ കുട്ടികളുടെ നിലവാരരേഖയുടെ പരിശോധന | ഡിസംബർ അവസാന വാരം | SRG | |
| | | കുട്ടികളുടെ വ്യത്യസ്ത ഗ്രൂപ്പുകൾ രൂപീകരിക്കൽ - രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കൽ | ഡിസംബർ അവസാന വാരം | SRG, CPTA | |
| | | വിൽപ്പനശാല തയ്യാറാക്കാനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കൽ | ജനുവരി ആദ്യ വാരം | SRG, CPTA | |
| | | പ്രവർത്തനങ്ങളുടെ പാക്കേജ് തയ്യാറാക്കൽ | | | |
| | | പ്രവർത്തനങ്ങൾ നടപ്പിലാക്കി കുട്ടികളുടെ പഠന പുരോഗതി രേഖപ്പെടുത്തൽ - വിലയിരുത്തൽ | ജനുവരി 5 മുതൽ 31 വരെ | ക്ലാസ്സ് ടീച്ചർ, HM CPTA | |
| | | വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പുതിയ പാക്കേജ്, വർക്ക് ഷീറ്റുകൾ തയ്യാറാക്കി നടപ്പിലാക്കൽ. | ഫെബ്രുവരി | SRG ക്ലാസ്സ് ടീച്ചർ | |

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|---|
| 2 | ഗണിത പഠനത്തിലെ പിന്നോക്കാവസ്ഥ തിരിച്ചറിഞ്ഞ് താൽപര്യമുണർത്തുന്ന പുതിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | SRGയിൽ ചർച്ച | | SRG | |
| | | അടിസ്ഥാന ഗണിതാശയങ്ങൾ പട്ടികപ്പെടുത്തൽ | | | സ്റ്റാഫ് ഫണ്ട് |
| | | പ്രീ ടെസ്റ്റ് നടത്തൽ | 2018 (രണ്ടുമാസം) ഒക്ടോബർ – നവംബർ | ക്ലാസ്സ് അധ്യാപകർ | |
| | | മൂല്യ നിർണ്ണയം നടത്തുന്നു. | | | |
| | | ഫലം രേഖപ്പെടുത്തുന്നു. | | | പി.ടി.എ. |
| | | റിപ്പോർട്ട് തയ്യാറാക്കുന്നു. | | SRG, PTA | |
| | | SRGയിലും CPTA യിലും ചർച്ച | | | |
| | | പഠനോപകരണ ശിൽപശാല നടത്തുന്നു. | | | |
| | | ഗണിത കഥ, പാട്ട്, കളികൾ എന്നിവയിൽ ഏർപ്പെടുന്നു. | | ക്ലാസ്സ് അധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| | | സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | | | |
| | | വർക്ക്ഷീറ്റുകൾ നൽകുന്നു. | | ക്ലാസ്സ് അധ്യാപകർ | സ്റ്റാഫ് ഫണ്ട് |
| | | രക്ഷിതാക്കൾക്കു ക്ലാസ്സുകൾ നൽകുന്നു. | | | |
| | | ICT പഠനപ്രവർത്തനങ്ങൾ. | | | |

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ ആശയ-വിനിമയ ശേഷി മെച്ചപ്പെടുത്തൽ(ലേഖനം, വായന) കുറിപ്പ് തയ്യാറാക്കൽ - വായിക്കാം) | SRG പദ്ധതി ആസൂത്രണം. | ജൂലൈ | SRG കൺവീനർ | |
| | | കുറിപ്പ് തയ്യാറാക്കുന്നതിന് അനുയോജ്യമായ വിഷയങ്ങൾ സംഭവങ്ങൾ പട്ടികപ്പെടുത്തൽ | ജൂലൈ 15 | SRG | |
| | | കുറിപ്പ് തയ്യാറാക്കൽ പരിശീലനം | ജൂലൈ 30 | അധ്യാപകർ | |
| | | മാതൃകാവായന - അസംബ്ലി | ആഗസ്ത് 1 | ഹെഡ് ടീച്ചർ | |
| | | | | | 1000 |
| 2. | പത്ര ആൽബം തയ്യാറാക്കൽ | SRG പദ്ധതി ആസൂത്രണം. | മെയ് | | |
| | | പത്രങ്ങളിലെ-വൈജ്ഞാനിക മേഖലയുമായി ബന്ധപ്പെട്ട പേജുകൾ ശേഖരിക്കൽ (അക്ഷരമുറ്റം, വിദ്യ പഠിപ്പുര, ബാലചന്ദ്രിക...) | ജൂൺ മുതൽ ഒക്ടോബർ വരെ | SRG, CPTA SSG | |
| | | കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ പത്ര കട്ടിംഗുകൾ വിഷയാടിസ്ഥാനത്തിൽ വേർതിരിക്കലും ചാർട്ടിൽ ഒട്ടിക്കലും (ആൽബം) | ഒക്ടോബർ 1 മുതൽ 15 വരെ | CPTA ടീച്ചർമാർ | |
| | | ആൽബം - പ്രകാശനം | നവംബർ 1 | ഹെഡ് ടീച്ചർ PTA | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ലൈബ്രറി ശാക്തീകരണം | പദ്ധതി ആസൂത്രണം. | ഏപ്രിൽ ആദ്യവാരം | SRG, PTA | |
| | പുസ്തകങ്ങളുടെ പട്ടികതയ്യാറാക്കി ആവശ്യമായ കോപ്പികൾ എടുക്കൽ. | ഏപ്രിൽ രണ്ടാംവാരം | അധ്യാപകർ | |
| | ഗൃഹസന്ദർശനം. | ഏപ്രിൽ 15 മുതൽ 3-ാം വാരം | അധ്യാപകർ PTA അംഗങ്ങൾ | |
| | പുസ്തക വിതരണ ശാലകളുമായി പദ്ധതി ചർച്ച | മെയ് ആദ്യ വാരം | SRG കൺവീനർ രക്ഷിതാക്കൾ, ഹെഡ് ടീച്ചർ | |
| | രണ്ടാംഘട്ട ഗൃഹസന്ദർശനം. | മെയ് രണ്ടാംവാരം | അധ്യാപകർ PTA അംഗങ്ങൾ | 1000 |
| | പുസ്തക സമാഹരണം | മെയ് 15 മുതൽ | അധ്യാപകർ | |
| | ക്യാറ്റലോഗ് തയ്യാറാക്കൽ പുസ്തകം വേർതിരിക്കൽ | മെയ് 25 മുതൽ | അധ്യാപകർ SSG അംഗങ്ങൾ | |
| അമ്മ വായന | പദ്ധതി ആസൂത്രണം SRG - PTA | ജൂൺ മാസം | SRG കൺവീനർ | |
| | പുസ്തകങ്ങളുടെ പട്ടികയും, പുസ്തക വിതരണ രജിസ്റ്ററുകളും തയ്യാറാക്കൽ. | ജൂൺ | ലൈബ്രറി ചുമതലയുള്ള അധ്യാപിക | |
| | വായനാകുറിപ്പ് മത്സരം | ജൂൺ 19 - 26 | SRG | |
| | സമ്മാനദാനം | ജൂൺ 30 | PTA എക്സിക്യൂട്ടീവ് HM | |

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം 2018-19 | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| | 1,2 ക്ലാസ്സുകളിലെ കുട്ടികളുടെ ഭാഷാശേഷിയും ചിന്താശേഷിയും വികസിപ്പിക്കൽ. | പാഠഭാഗത്തെ അടിസ്ഥാനമാക്കി സംഭാഷണങ്ങൾ വാചികമായി അവതരിപ്പിക്കൽ. | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| | | പാഠഭാഗത്തിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ വായിക്കൽ, എ4 ഷീറ്റ് ചാർട്ട് പേപ്പർ എന്നിവയിൽ എഴുതി അവതരണം. | സെപ്തംബർ, ഒക്ടോബർ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |
| | | ആഴ്ചയിലൊരു ദിവസം പാഠാശയങ്ങൾ അവതരിപ്പിക്കൽ. | നവംബർ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |
| | | പാഠഭാഗത്തെ അടിസ്ഥാനമാക്കി സ്കിറ്റ്, ആസൂത്രണവും അവതരണവും (ബാലസഭായോഗം) | ഡിസംബർ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |
| | | പ്രവർത്തനങ്ങൾ വിലയിരുത്തൽ | | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ, ഹെഡ് ടീച്ചർ | |
| | വായനാപോഷണ പരിപാടി (1,2, ക്ലാസ്സുകൾ)- കുഞ്ഞുവായന | കുഞ്ഞുവായന സാമഗ്രികൾ ചിട്ടയായി വർഗ്ഗീകരിക്കൽ. | ആഗസ്റ്റ് | SRG | |
| | | വായനാസാമഗ്രികൾ വിതരണം വായനാ -പ്രിടെസ്റ്റ് | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | |
| | | അക്ഷര-ചിത്ര വാക്യകാർഡുകൾ തയ്യാറാക്കൽ-ക്യാമ്പ് | ഒക്ടോബർ | രക്ഷിതാക്കൾ, PTA | |
| | | വായനാമത്സരം | നവംബർ | രക്ഷിതാക്കൾ, SSG, ഹെഡ് ടീച്ചർ | |

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം 2018-19 | ചുമതല | സാമ്പത്തി |
|---|---|---|---|---|---|
| | അർത്ഥ പൂർണ്ണമായ വായന, ലേഖന പ്രക്രിയയിൽ പങ്കാളികളാവാൻ കഴിവ് നേടൽ - ഇന്നത്തെ വാർത്ത - എന്റെ വാർത്ത തയ്യാറാക്കലും വായിക്കലും (3,4 ക്ലാസ്സുകൾ) | പദ്ധതിയുടെ ആസൂത്രണം | 2018-19 ജൂൺ 15 | SRG കൺവീനർ | |
| | | പത്രവാർത്ത എഴുതിക്കൊണ്ട് വന്ന് മൈക്കിലൂടെ വായന | ജൂലൈ ആദ്യവാരം | 4-ാം ക്ലാസ്സ് ടീച്ചർ | |
| | | വാർത്ത തയ്യാറാക്കൽ പരിശീലനം (3,4 ക്ലാസ്സിലെ കുട്ടികൾ) | ജൂലൈ രണ്ടാം വാരം | ക്ലാസ്സ് ടീച്ചർ SRG | |
| | | ഇന്നത്തെ വാർത്ത - എന്റെ വാർത്ത തയ്യാറാക്കലും അവതരണവും, കുട്ടികൾക്ക് ചുമതല നൽകൽ | ജൂലൈ അവസാന വാരം | ക്ലാസ്സ് ടീച്ചർ | |
| | | പദ്ധതി വിലയിരുത്തൽ | ആഗസ്റ്റ് | CPTA , SSG | |
| | ഇന്നത്തെ ചിന്താവിഷയം | പദ്ധതി ആസൂത്രണം ചുമതലാ വിഭജനം. | ജൂൺ | SRG കൺവീനർ | |
| | | അധ്യാപകരുടെ അവതരണം | ജൂലൈ, ആഗസ്റ്റ് | അധ്യാപകർ | |
| | | ഇന്നത്തെ ചിന്താവിഷയം - തയ്യാറാക്കൽ ശില്പശാല 1 ദിവസം | സപ്തംബർ 1-ാം വാരം | SRG | |
| | | തയ്യാറാക്കിയ കുട്ടികളുടെ അവതരണം. | സപ്തംബർ 2-ാം വാരം | ക്ലാസ്സ് ടീച്ചർ | |
| | | വിലയിരുത്തൽ | നവംബർ | CPTA | |

## ഭാഷ : മലയാളം

## പ്രവർത്തന പദ്ധതികൾ

- അർത്ഥ പൂർണ്ണമായ വായന, ലേഖനം എന്നിവയ്ക്ക് എല്ലാ കുട്ടികൾക്കും കഴിവ് ലഭിക്കുമെന്ന് ഉറപ്പാക്കൽ.
- പഠന പിന്നോക്കാവസ്ഥ/പഠനവൈകല്യം/തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കും.
- ഭാഷാ വ്യവഹാരങ്ങൾ ആത്മാവിഷ്കാര പ്രകടിത രൂപമായി അവതരിപ്പി ക്കാൻ അവസരങ്ങൾ ലഭ്യമാക്കുക.
- വായനാപോഷണത്തിനായി കുട്ടികൾക്ക് രക്ഷാകർത്യ പിന്തുണ ഉറപ്പാ ക്കൽ
- വായനാശീലം രക്ഷിതാക്കളും, കുട്ടികളും ഉൾപ്പെടുന്ന പഠനാന്തരീക്ഷവു മായി ബന്ധിപ്പിക്കാൻ പ്രദേശത്തെ ലൈബ്രറിയിൽ 2,3,4 ക്ലാസ്സിലെ കുട്ടി കൾക്ക് അംഗത്വം ഉറപ്പാക്കുക.
- ഐ.സി.ടി.–ഭാഷാ വ്യവഹാര രൂപങ്ങൾ, എഴുത്തുകാർ എന്നീ മേഖലയിൽ കുട്ടികളുടെ അറിവ് വിപുലീകരിക്കാൻ പ്രയോജനപ്പെടുത്തും.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിലെ ഓരോ കുട്ടിയും ക്ലാസ്സ് നിലവാരത്തിനനുസരിച്ച് മലയാള ഭാഷയിൽ ആശയ വിനിമയത്തിനും അർത്ഥ പൂർണ്ണമായ വായനയ്ക്കും, എഴുത്തിനുമുള്ള ശേഷി കൈവരിക്കുമെന്ന് ഉറപ്പാക്കും.
- ഇംഗ്ലീഷ് ഭാഷയിൽ മുഴുവൻ കുട്ടികൾക്കും വായനയ്ക്കും, എഴുത്തിനുമുള്ള കഴിവ് നേടിയെടുക്കുമെന്ന് ഉറപ്പാക്കും.
- മലയാളം-ഇംഗ്ലീഷ് ഭാഷകളിൽ ആത്മ വിശ്വാസത്തോടെയുള്ള ആശയ വിനിമയ ശേഷി കുട്ടികളിൽ വളർത്തിയെടുക്കും.
- ചതുഷ്ക്രിയകൾ പ്രായോഗിക ജ്ഞാനത്തോടെ കൈകാര്യം ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളും നേടിയെടുക്കുമെന്ന് ഉറപ്പാക്കും.
- ഗണിത പഠനത്തിൽ മെട്രിക് അളവുകളുമായി ബന്ധപ്പെട്ട അടിസ്ഥാന ധാരണകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കും.
- ഗണിത പഠനത്തിൽ സർഗ്ഗാത്മക സാധ്യതകളെ പ്രയോജനപ്പെടുത്തി ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമാക്കും.
- സ്കൂളിൽ ഗണിത ലാബ് സജ്ജീകരിക്കും.
- ശാസ്ത്ര പഠനം-കൂടുതൽ പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രക്രിയാബന്ധിതമായ ശാസ്ത്ര പഠനാന്തരീക്ഷം ഉറപ്പാക്കും.
- സാമൂഹിക ശാസ്ത്ര ബോധത്തിൽ പ്രക്രിയാ ബന്ധിതമായ വാതിൽപ്പുറപഠനത്തിലൂടെ പഠന നേട്ടങ്ങൾ ഉറപ്പാക്കും.
- കുട്ടികൾക്ക് മികച്ച കായിക ശേഷി നേടിയെടുക്കാൻ മെച്ചപ്പെട്ട പരിശീലനം എല്ലാ കുട്ടികൾക്കും ഉറപ്പാക്കും.
- കായിക മേഖലയിൽ ഓരോ കുട്ടിയുടെയും കഴിവിന്റെ മേഖല കണ്ടെത്തി മികച്ച പരിശീലനം നൽകും.
- പഠന പിന്നോക്കാവസ്ഥ-പഠനവൈകല്യങ്ങൾ കണ്ടെത്തി അവർക്ക് ഉചിതമായ പരിശീലനം നൽകി മുഖ്യധാരയിലെത്തിക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കാനും, അവർക്ക് മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കി മുഖ്യ മുഖ്യധാരയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ബി.ആർ.സി. സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ നടത്തും.
- പ്രതിഭകളായ കുട്ടികൾക്ക് മെച്ചപ്പെട്ട പരിശീലനങ്ങൾ ലഭ്യമാക്കും.
- പ്രവൃത്തി പരിചയ മേഖലകളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിന് വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തും. അവർക്ക് രക്ഷിതാക്കളുടെ പിന്തുണയോടെ തുടർപരിശീലനം ഉറപ്പാക്കും.
- ബോധന പ്രക്രിയകൾ പരിവർത്തനം ഉറപ്പാക്കുന്ന രീതിയിൽരക്ഷകർത്താക്കൾക്ക് ഉചിതമായ പരിശീലനം നൽകും. അതുവഴി കുട്ടികൾക്ക് രക്ഷാകർതൃപിന്തുണ ഗൃഹാന്തരീക്ഷത്തിൽ ഉറപ്പാക്കും. സ്കൂളിന്റെ പഠനാന്തരീക്ഷത്തിന്റെ മികവിന് സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രക്രിയാധിഷ്ഠിത പരിപാടികൾ നടപ്പിലാക്കും.

# വിദ്യാലയ ചരിത്രം

നാഷണൽ ഹൈവേയുടെ പടിഞ്ഞാറു ഭാഗത്തായി, പ്രശാന്തസുന്ദരമായ പെരുവന വയലിന്റെ ഓരത്ത്, അറബിക്കടലിന്റെ ഇരമ്പൽ കേട്ടുകൊണ്ട് അക്ഷരശ്രീയുടെ ശ്രീകോവിലായി ഒരു സരസ്വതി ക്ഷേത്രം– മുട്ടുങ്ങൽ വിജ്ഞാനദീപിക എൽ.പി. സ്കൂൾ ചുരുക്കനാമം മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂൾ.

പരേതനായ ശ്രീ. തിരുമംഗലത്ത് ആണ്ടിമാസ്റ്റർ നടത്തിവന്ന ചാലിയോട്ട് സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെട്ടപ്പോൾ 1938ൽ ശ്രീ. ചേക്കാലിക്കണ്ടി കുഞ്ഞിക്കണ്ണൻ വൈദ്യർ ചോറോട് ഗേറ്റിനടുത്ത് നാറോത്ത് പറമ്പിൽ സ്ഥാപിച്ച സംസ്കൃത സ്കൂളാണ് മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂളിന്റെ തുടക്കം. വടകര താലൂക്കിൽ മാത്രമല്ല കോഴിക്കോട് ജില്ലയിൽ തന്നെയുള്ള പല ആയുർവേദ ദവൈദ്യൻ മാരുടെയും ഗുരുനാഥനായ പരേതനായ ശ്രീ. ചേക്കാലിക്കണ്ടി കുഞ്ഞിക്കണ്ണൻ വൈദ്യർ പേരുകേട്ട നേത്രരോഗ വിദഗ്ദ്ധനും അപസ്മാര രോഗ വിദഗ്ദ്ധനുമായിരുന്നു. സംസ്കൃത സ്കൂളിലെ അധ്യപകരായി സൗജന്യ സേവനമനുഷ്ഠിച്ചത് പരേതരായ വലിയ വീട്ടിൽ നാണു മാസ്റ്റർ, കോപ്പാളന്റവിട ഉണ്ണി മാസ്റ്റർ, കറപ്പൻ വൈദ്യർ, വളപ്പിൽ ഉണ്ണിമാസ്റ്റർ, ഗുരിക്കളെവിട ഗോപാലൻ മാസ്റ്റർ കൂടാതെ ഇതിനെല്ലാം മേൽനോട്ടക്കാരനായി ശ്രീ. കുഞ്ഞിക്കണ്ണൻ വൈദ്യരും.

പിൽക്കാലത്ത് ഈ സ്കൂൾ അവിടെനിന്ന് പൊളിച്ചുമാറ്റി, ഇപ്പോൾ മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂൾ സ്ഥിതിചെയ്യുന്ന കുനിയിൽ പറമ്പിൽ നാലുകാലിൽ ഒരു ഷെഡുകെട്ടി സ്ഥാപിച്ചു. 1943 ൽ ഈ സ്കൂളിന് ഗവ: അംഗീകാരവും നേടി.അവിവാഹിതനും സംസ്കൃത പണ്ഡിതനുമായിരുന്ന വൈദ്യരുടെ ശിക്ഷണത്തിലായിരുന്നു. ഈ സ്ഥാപനത്തിന്റെ പഠനനിലവാരം നിലനിന്നു വന്നിരുന്നത്. മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂളിന്റെ ആദ്യ പ്രധാനാധ്യാപകൻ പരേതനായ ശ്രീ. അനന്തക്കുറുപ്പ് മാസ്റ്റർ ആയിരുന്നു. അധ്യാപകരായി ഇടത്തിൽ മാധവി ടീച്ചർ, കാവുതിയന്റവിട ദേവുടീച്ചർ, മരക്കാന്റവിട യശോദ ടീച്ചർ, വലിയ വീട്ടിൽ ലക്ഷ്മി ടീച്ചർ, എ.പി. മൈഥിലി ടീച്ചർ, സി.എച്ച്. കൗസു ടീച്ചർ, വലിയ വീട്ടിൽ ജാനു ടീച്ചർ, കെ.കെ. കല്യാണി ടീച്ചർ, കെ.കെ. മാലതി ടീച്ചർ, പടിഞ്ഞാറെക്കണ്ടി ഗോപാലക്കുറുപ്പ് മാസ്റ്റർ, കുഞ്ഞിരാമൻ മാസ്റ്റർ, വരോൽ അമ്മുക്കുട്ടി ടീച്ചർ, കളരിക്കണ്ടി ഗോപാലൻ മാസ്റ്റർ, എം. ചന്തുപ്പണിക്കർ മാസ്റ്റർ, കെ. കെ. മാധവി ടീച്ചർ, താല്ക്കാലികാധ്യാപകനായി സി.എം. വാസു മാസ്റ്റർ, പുല്ലാഞ്ഞോളി വേണു മാസ്റ്റർ, ശോഭ ടീച്ചർ, ഗീതാ ഗോപിനാഥ്, എന്നിവരും നിസ്തുലമായ സേവനം കാഴ്ചവെച്ച അധ്യാപകരാണ്.

ആദ്യത്തെ ഹെഡ്മാസ്റ്റർ അനന്തക്കുറുപ്പിനു ശേഷം, സി.എച്ച്. ജാനു ടീച്ചർ, കളരിക്കണ്ടി ഗോപാലൻ മാസ്റ്റർ, എം. ചന്തുപ്പണിക്കർ മാസ്റ്റർ, കെ.പി. ഗോപാലൻ മാസ്റ്റർ എന്നിവർ യഥാക്രമം ഈ സ്ഥാനം അലങ്കരിച്ചു.

അധ്യാപകർക്ക് ശമ്പളം കിട്ടാത്ത അവസരങ്ങളിൽപോലും ഒരു മാനേജരും ചെയ്യാത്ത രീതിയിൽ അധ്യാപകർക്ക് അർഹതപ്പെട്ട വേതനം കൃത്യ

# ആമുഖം

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം സംരക്ഷിക്കാനും, കാലാനുസൃതമായി പരിഷ്കരിക്കാനുമായി സർക്കാർ ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നമ്മുടെ പൊതു സമൂഹം ഏറ്റെടുത്തിരിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ വന്നുചേർന്നുകൊണ്ടിരിക്കുന്ന ഗുണപരമല്ലാത്ത പലപ്രവണതകളുടെയും അടിസ്ഥാന കാരണങ്ങളിലൊന്ന് മൂല്യ വിദ്യാഭ്യാസത്തിന്റെ അഭാവം കൂടിയാണ്. പൊതുവിദ്യാഭ്യാസ രംഗത്തിന്റെ തകർച്ച സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നു. പൊതുവിദ്യാഭ്യാസത്തെ ആധുനികവത്കരിച്ച് പരിപൂർണ്ണമായി വിദ്യാർത്ഥി കേന്ദ്രിതമാക്കുക എന്നത് ഓരോ വിദ്യാലയത്തിന്റെയും കടമയാണെന്നും ഞങ്ങൾ തിരിച്ചറിയുന്നു.

പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറിയ മുട്ടുങ്ങൽ വിജ്ഞാന ദീപിക എൽ.പി. സ്കൂൾ ഒട്ടേറെ അക്കാദമിക നേട്ടങ്ങൾ ഇതിനകം കൈവരിച്ചിട്ടുണ്ട്. എന്നാൽ ആധുനിക വിദ്യാഭ്യാസത്തിന്റെ സാധ്യതക്കനുസരിച്ച് ഒട്ടേറെ ഭൗതികമായ മെച്ചപ്പെടുത്തലുകൾ നമ്മുടെ വിദ്യാലയത്തിൽ ആവശ്യമായിട്ടുണ്ട്. സാധാരണ കുടുംബത്തിൽ നിന്ന് വരുന്നകൊച്ചു കുരുന്നുകളെ വിശ്വമാനവനായി വളർത്തിയെടുക്കാൻ വേണ്ട വിഭവങ്ങൾ നമുക്ക് കൈയ്യെത്തും ദൂരത്തു തന്നെയുണ്ട്. അത് ഈ വിദ്യാലയത്തിന്റെ വിഭവങ്ങളാക്കി മാറ്റാൻ അധ്യാപകരും, രക്ഷിതാക്കളും, ജനപ്രതിനിധികളും, പൊതുജനങ്ങളും ഒത്തു ചേർന്ന് പ്രവർത്തിക്കുക എന്നതാണ് പ്രധാനം. 2017 മാർച്ച് 19ന് വിപുലമായ വിദ്യാലയ വികസന സെമിനാർ നടത്തിയിരുന്നു. അതിൽ അടിസ്ഥാനത്തിൽ വിവിധ തലങ്ങളിൽ സ്കൂളിൽ ഭൗതികവും, അക്കാദമികവുമായ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം 2017 ഡിസംബർ ആദ്യവാരത്തിൽ SRG യോഗം ചേർന്ന് വിഷൻ 100 അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള കരട് പദ്ധതിയെക്കുറിച്ച് ചർച്ച നടത്തി. തുടർന്ന് 14-12-2017ന് പി.ടി.എ. ജനറൽബോഡിയിൽ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ ലഭിക്കാൻ രക്ഷിതാക്കൾക്ക് ഒരു ചോദ്യാവലി തയ്യാറാക്കി നിർദ്ദേശങ്ങൾ പരിഗണിച്ച് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ ചർച്ച ചെയ്തു. 12-01-2018ന് കരട് പദ്ധതി രേഖ സി.ആർ.പി.യിൽ നടന്ന അവലോകന യോഗത്തിൽ അവതരിപ്പിച്ചും SRG യോഗത്തിൽ ലഭിച്ച നിദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി പദ്ധതികൾ പരിഷ്കരിച്ചും ഇങ്ങനെ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തിയ പദ്ധതികൾ സ്കൂളിന്റെ സമഗ്ര വികസനത്തിന് മാർഗ്ഗരേഖയാവുമെന്ന പ്രതീക്ഷയോടെ പൊതു സമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്നു.

# വിഷൻ – 100

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025

### മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂൾ

മുട്ടുങ്ങൽ വെസ്റ്റ് പി.ഒ.

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|---|
| 3. | സ്കൂളിൽ ഒരു ഗണിത ലാബ് ഒരുക്കും | അനുയോജ്യമായ സ്ഥലം സജ്ജീകരിക്കൽ. | രണ്ടു വർഷം 2018 - 2020 | SRG | PTA, SSG |
| | | ഗണി ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ | | | |
| | | പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഗണിതോപകരണങ്ങളുടെ നിർമ്മാണം - ശില്പശാല | | SRG, PTA | സ്കൂൾ ഗ്രാന്റ് |
| | | പി.ടി.എ.യുടെ സഹായത്തോടെ ഉപകരണങ്ങൾ വാങ്ങിക്കൽ | | PTA | പി.ടി.എ. സ്കൂൾ ഗ്രാന്റ് |
| | | ഗണിതറഫറൻസ് ബുക്കുകൾ, ചിത്രങ്ങൾ, രൂപങ്ങൾ എന്നിവ തിട്ടപ്പെടുത്തൽ | | SRG | സ്റ്റാഫ് ഫണ്ട് |
| | | ടാൻഗ്രാം നിർമ്മാണം | | SRG | സ്റ്റാഫ് ഫണ്ട് |

## ഗണിത ക്ലബ്ബ് രൂപീകരണം

ഓരോ ക്ലാസ്സിലെയും കുട്ടികളെ ഉൾപ്പെടുത്തി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തികൊണ്ട് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

ഓരോ ക്ലാസ്സിലും ആവശ്യമായ ഗണിതോപകരണങ്ങൾ ചാർട്ട് ചെയ്ത് ആവശ്യമായവ വാങ്ങിക്കുകയും നിർമ്മിക്കുകയും ശേഖരിക്കുകയും ചെയ്യുന്നു.

## ജിക്സോ പസിൽ നിർമ്മാണം

ഗണിത ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ഉപയോഗിച്ച് ജിക്സോ പസിൽ നിർമ്മിക്കുകയും ഓരോ ക്ലാസ്സിലും ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## കളിവീട് ഒരുക്കൽ

നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരുക്കുന്നു. 3,4 ക്ലാസ്സുകളിൽ കളിവീട് ഒരുക്കൽ പ്രവർത്തനം നടത്തുന്നു. കളിവീടിന്റെ വിവിധ ഭാഗങ്ങളുടെ ഉയരം, വീതി, നീളം എന്നിവ അളക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

## ഗണിത കളികൾ

2,3,4 ക്ലാസ്സുകൾക്ക് ആവശ്യമായ ഗണിത കളികൾ ചാർട്ടുചെയ്യുന്നു. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് ഗണിത കളികൾ നടത്തുന്നു.

## ഗണിത പസിലുകൾ

ഓരോ ക്ലാസ്സിലും അനുയോജ്യമായ പസിലുകൾ കണ്ടെത്തി ഗ്രൂപ്പ് അടിസ്ഥാനത്തിലും വ്യക്തിഗതമായും ചെയ്യുന്നു.

## ഡെയ്‌ലി ഹണ്ട്

1ഉം 2ഉം ഒരു യൂണിറ്റായും 3ഉം 4ഉം ഒരു യൂണിറ്റായും എടുത്ത് കൊണ്ട് ഓരോ ദിവസവും ഒരു ചോദ്യം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ അന്നേ ദിവസംതന്നെ കണ്ടെത്തി ബോക്സിൽ നിക്ഷേപിക്കാൻ പറയുന്നു. ശരിയായ ഉത്തരം കണ്ടെത്തിയവർക്ക് നറുക്കെടുപ്പിലൂടെ സമ്മാനങ്ങൾ നൽകുന്നു.

## ഗണിത ക്വിസ്സ്

സ്കൂൾ തലത്തിലും ക്ലാസ്സ് തലത്തിലും ഗണിത ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

പദപ്രശ്നം

2,3,4 ക്ലാസ്സുകളിലേക്ക് ആവശ്യമായ ഗ ണിത പദപ്രശ്നങ്ങൾ പത്രങ്ങളിൽ നിന്നും ഗണിത പുസ്തകങ്ങളിൽ നിന്നും ശേഖരിക്കുന്നു. ഓരോ കുട്ടിക്കും വർക്ക് ഷീറ്റായി നൽകി പ്രവർത്തനം നടത്തുന്നു.

ഐ.സി.ടി. പ്രവർത്തനങ്ങൾ

ഓരോ ക്ലാസ്സിലെയും ഗണിതശേഷികൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഐ.സി.ടി.യുടെ സഹായത്തോടെ നടത്തുന്നു.

മികച്ച കുട്ടിയെ കണ്ടെത്തൽ

ഗണിത പ്രവർത്തനങ്ങളിൽ മികച്ചുനിൽക്കുന്ന കുട്ടിയെ ക്ലാസ്സ് അടിസ്ഥാന ത്തിൽ വർഷാവസാനം തെരഞ്ഞെടുക്കുന്നു. പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു.

## പ്രവർത്തന വിശകലനം

**ലക്ഷ്യം: ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ**

2,3,4 ക്ലാസ്സുകളിലെ അടിസ്ഥാന ഗണിതാശയങ്ങൾ എസ്.ആർ.ജിയിൽ ചർച്ച ചെയ്ത് പട്ടികപ്പെടുത്തുന്നു.

ക്ലാസ്സ്റും പ്രവർത്തനം നൽകി പ്രീടെസ്റ്റ് നടത്തുന്നു. മൂല്യനിർണ്ണയം നടത്തി ഫലം രേഖപ്പെടുത്തുന്നു. റിപ്പോർട്ട്തയ്യാറാക്കി എസ്.ആർ.ജിയിലും സി.പി.ടി.എ.യിലും ചർച്ച ചെയ്യുന്നു. രക്ഷിതാക്കളെ ഉൾപ്പെടുത്തി പഠനോപകരണ ശില്പശാല നടത്തുന്നു. ആഴ്ചയിൽ 1 മണിക്കൂർ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ഒന്നാം ഘട്ടമായി ഗണിത കളികൾ പാട്ടുകൾ എന്നിവ യിൽ ഏർപ്പെടുത്തുന്നു. സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ വ്യ ക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. രണ്ടാം ഘട്ടമായി വർക്ക് ഷീറ്റ് നൽകുന്നു. ഐ.സി.ടി. ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നൽകുന്നു. വില യിരുത്തൽ നടത്തുന്നു.

## ചതുഷ്ക്രിയകൾ പ്രായോഗിക ജ്ഞാനത്തോടെ നിർദ്ധാരണം ചെയ്യൽ

ത്രാസ്, കറൻസി (കളിനോട്ട്), നാണയങ്ങൾ പുസ്തകങ്ങൾ മറ്റ് വിൽപന സാധനങ്ങൾ എന്നിവ ക്ലാസ്സിൽ സജ്ജീകരിക്കുന്നു. ഓരോ കുട്ടിയും ക്യാഷ റായും സെയിൽസ്മാനായും, കസ്റ്റമറായും നിന്ന് ചെറിയ തുകകൾ മുതൽ വലിയ തുകകൾ വരെ വരുന്ന സാധനങ്ങളുടെ വിൽപ്പനയും, തുകവാ ങ്ങലും നടത്തുന്നു. തെറ്റ് വരുത്തുമ്പോൾ മറ്റുള്ളവർ തിരുത്തുന്നു. ആവശ്യ ഘട്ടത്തിൽ ടീച്ചർ ഇടപെടുന്നു. ഇങ്ങനെയുള്ള ചില്ലറ വില്പന ശാലകളിൽ ബാക്കി കൊടുക്കാൻ കഴിയാത്ത ഘട്ടങ്ങളിൽ എന്തെല്ലാം ചെയ്യാനാകും എന്ന പ്രശ്നം ടീച്ചർ ബോധപൂർവ്വം സൃഷ്ടിക്കുകയും പരിഹരിക്കാൻ കുട്ടി കൾക്ക് അവസരം നൽകുകയും ചെയ്യുന്ന രീതിയിലൂടെ ചതുഷ്ക്രിയകളും മുഴുവൻ പ്രയോഗവും നാലക്ക സംഖ്യ ഉൾപ്പെടുന്നതുവരെ തുടരുന്നു. സി.പി.ടി.എയിൽ ടീച്ചറുടെ വിലയിരുത്തൽ രേഖകൾ അവതരിപ്പിക്കുന്നു. ഓരോ കുട്ടികളും അവസരം ആവർത്തിച്ച് ഉറപ്പാക്കുന്നു.

## പ്രവർത്തന വിശകലനം

**ലക്ഷ്യം : സ്കൂളിൽ ഒരു ഗണിത ലാബ് ഒരുക്കും.**

ഗണിത ലാബിന് അനുയോജ്യമായ മുറി കണ്ടെത്തുന്നു.ഓരോ ക്ലാസ്സി ലേക്കും ആവശ്യമായ ഗണിത ഉപകരണങ്ങൾ എസ്.ആർ.ജിയിൽ ലിസ്റ്റ് ചെയ്യുന്നു. വാങ്ങേണ്ടവ, ശേഖരിക്കേണ്ടവ, എന്ന രീതിയിൽ തരംതിരിക്കു ന്നു. പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഗണിതോപകരണ നിർമ്മാണ ശില്പ ശാല നടത്തുന്നു. പി.ടി.എ.യുടെ സഹായത്തോടെ ഉപകരണങ്ങൾ വാങ്ങി ക്രമീകരിക്കുന്നു. ഗണിത റഫറൻസ് ബുക്കുകൾ , ചിത്രങ്ങൾ, രൂപങ്ങൾ ടാൻഗ്രാം എന്നിവയും ഉൾപ്പെടുത്തി ഗണിത ലാബ് ഒരുക്കുന്നു.

## <u>പരിസര പഠനം</u>

ശാസ്ത്ര തത്വങ്ങൾ ചെയ്തു പഠിക്കാനും, നിരീക്ഷിച്ച് കണ്ടെത്താനുള്ള പരീക്ഷണം നിരീക്ഷണ അവസരങ്ങൾ ക്ലാസ്സ്റൂം, (പ്രക്രിയയ്ക്കു പുറമെ കൂടുതലായി കുട്ടികൾക്ക് അവസരങ്ങൾ ലഭ്യമാക്കും. (50 പരീക്ഷണങ്ങൾ)

വാതില്പുറ പഠന സാധ്യതകൾ പ്രയോജനപ്പെടുത്തി സാമൂഹ്യ ശാസ്ത്ര പഠനം പ്രക്രിയാധിഷ്ഠിതമാക്കും (ഫീൽഡ് ട്രിപ്പ്, അഭിമുഖങ്ങൾ)

ശാസ്ത്ര – സാമൂഹ്യ ശാസ്ത്ര പഠനത്തിൽ പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, ഐ.സി.ടി. എന്നിവ ഉചിതമായി പ്രയോജനപ്പെടുത്തും.

കുട്ടികളുടെ പ്രക്രിയാധിഷ്ഠിത പഠനരീതിയിൽ നിന്നുണ്ടാകുന്ന ഉത്പന്നങ്ങൾ തുടർപഠനത്തിനുള്ള ഉപാധിയായി സജ്ജീകരിക്കും. (ആൽബം നിർമ്മാണം)

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|---|
| 1 | സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പ്രാദേശിക വ്യക്തികളുമായുള്ള അഭിമുഖം ഫീൽഡ് ട്രിപ്പ് നടത്തും. | പ്രാദേശിക സ്വാതന്ത്ര്യസമരസേനാനികളെ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.<br>PTA, CPTA പിന്തുണ ഉറപ്പാക്കൽ<br>ഫീൽഡ് ട്രിപ്പ്, അഭിമുഖം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുന്നു.<br>പദ്ധതി നടപ്പിലാക്കൽ<br>ഡോക്യുമെന്റേഷൻ ചെയ്യുന്നു. | 2018<br>ആഗസ്റ്റ് – സെപ്തംബർ | SRG<br>SRG, PTA<br>SRG | PTA, SSG<br>PTA<br>ഗ്രാന്റ് ഫണ്ട് |
| 2. | സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സംഭവങ്ങളെക്കുറിച്ച് പ്രക്രിയാധിഷ്ഠിത പഠനം ഉറപ്പാക്കും. (ആൽബം തയ്യാറാക്കൽ) | 1857 മുതൽ 1947വരെയുള്ള സ്വാതന്ത്ര്യസമര ചരിത്ര സംഭവങ്ങൾ ലിസ്റ്റ് ചെയ്യൽ.<br>CPTA, PTA പിന്തുണ ഉറപ്പാക്കൽ<br>ആവശ്യമായ സാമഗ്രികൾ ശേഖരിക്കൽ<br>വിവരശേഖരണം<br>ആൽബം തയ്യാറാക്കൽ<br>ആൽബം പ്രകാശനം ചെയ്യൽ | 2018<br>ആഗസ്റ്റ് – സെപ്തംബർ | SRG<br>SRG<br>PTA | PTA<br>ഗ്രാന്റ് ഫണ്ട് |

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സഹായം |
| --- | --- | --- | --- | --- | --- |
| 3 | സ്കൂളിൽ ഒരു ശാസ്ത്ര പരീക്ഷണശാല ഒരുക്കും | അനുയോജ്യമായ മുറി സജ്ജീകരിക്കൽ<br>ആവശ്യമായ ഫർണിച്ചറുകൾ ഒരുക്കൽ<br>പരീക്ഷണത്തിന് ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ.<br>PTA, യുടെ സഹകരണത്തോടെ ഉപകരണങ്ങൾ വാങ്ങിക്കൽ/നിർമ്മിക്കൽ.<br>ശാസ്ത്ര വിദഗ്ധന്റെ സഹായത്തോടെ ഉപകരണങ്ങൾ ക്രമീകരിക്കൽ.<br>വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടൽ | 2018 - 2020 | SRG<br>PTA<br>SRG<br>PTA<br>SRG<br>SRG<br>ക്ലാസ്സ് അധ്യാപകർ | PTA<br>സ്കൂൾ ഗ്രാന്റ് സ്റ്റാഫ് ഫണ്ട്<br>PTA |
| 4 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് 50 ലഘു പരീക്ഷണങ്ങളെങ്കിലും ചെയ്യാനുള്ള അവസരം ഒരുക്കും. | 2,3,4 ക്ലാസ്സുകളിലെ പാഠവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ പട്ടികപ്പെടുത്തുന്നു.<br>കൂടുതൽ പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>പരീക്ഷണ സാമഗ്രികൾ ഒരുക്കൽ.<br>ലഘുപരീക്ഷണ ശിൽപശാല നടത്തുന്നു.<br>ആഴ്ചയിൽ ഒരു പരീക്ഷണം എന്ന രീതിയിൽ നടത്തൽ.<br>ലഘുപരീക്ഷണ മേളനടത്തുന്നു. | 2018 - 2019 | SRG<br>SRG-PTA<br>SRG-PTA<br>ക്ലാസ്സ് അധ്യാപകർ<br>SRG-PTA | സ്റ്റാഫ് ഫണ്ട്<br>PTA<br>PTA |

## ആൽബം തയ്യാറാക്കൽ

1857 മുതൽ 1947 വരെയുള്ള സ്വാതന്ത്ര്യസമരചരിത്ര സംഭവങ്ങൾ എസ്. ആർ.ജിചേർന്ന് ലിസ്റ്റ് ചെയ്യുന്നു. ലിസ്റ്റ് ചെയ്ത സംഭവങ്ങളെ വർഷത്തിന്റെ അടിസ്ഥാനത്തിൽ നാലു ഭാഗങ്ങളാക്കുന്നു. തുടർന്ന് മൂന്ന് നാല് ക്ലാസ്സുകളിലെ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി 4 ഗ്രൂപ്പായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിന്റെയും ചുമതല ഓരോ അധ്യാപകനും നൽകുക്കുന്നു. ഓരോ ഗ്രൂപ്പും ശേഖരിച്ച വിവരങ്ങൾ ഓരോ മാസവും അധ്യാപകരുടെ സാന്നിധ്യത്തിൽ ചർച്ച നടത്തി ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ക്രമപ്പെടുത്തുന്നു. 2019 ജൂലൈ മാസത്തിൽ ശേഖരിച്ച ചിത്രങ്ങൾ, കുറിപ്പുകൾ രേഖപ്പെടുത്തി. ക്ലാസ്സിലെ ചിത്രകാരന്മാരായ കുട്ടികളുടെ സഹായത്തോടെ ഭംഗിയുള്ള പുറംചട്ട തയ്യാറാക്കി ആൽബം നിർമ്മിക്കുന്നു. അസംബ്ലിയിലും രക്ഷിതാക്കൾക്കു മുമ്പിലും ആൽബം പ്രകാശനം ചെയ്യുന്നു.

## ശാസ്ത്ര പരീക്ഷണ ശാല-പ്രവർത്തന വിശദാംശം

സ്കൂളിൽ ശാസ്ത്ര പരീക്ഷണശാല ഒരുക്കുന്നതിന് അനുയോജ്യമായ മുറി കണ്ടെത്തുന്നു. പി.ടി.എ. എസ്.എസ്.ജി. എന്നിവരുടെ സഹായത്താൽ ആവശ്യമായ ഫർണിച്ചർ ഒരുക്കുന്നു. 2,3,4 ക്ലാസ്സിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര പരീക്ഷണ ഉപകരണങ്ങൾ അതതു ക്ലാസ്സ് അധ്യാപകനും കുട്ടികളും ചേർന്ന് ലിസ്റ്റ് ചെയ്യുന്നു. ഓരോ ക്ലാസ്സുകളിലും അനുയോജ്യമായ കൂടുതൽ പരീക്ഷണങ്ങൾ കണ്ടെത്തി അതിനാവശ്യമായി വരുന്ന ഉപകരണങ്ങളും അതോടൊപ്പം ലിസ്റ്റ് ചെയ്യുന്നു. പി.ടി.എ. യുടെ സഹകരണത്തോടെ പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ശേഖരിക്കുകയും മറ്റുള്ളവ വാങ്ങിക്കുകയും ചെയ്യുന്നു. ഒരു ശാസ്ത്ര വിദഗ്ധന്റെ സഹായത്തോടെ ഉപകരണങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും മുൻകൂട്ടി സജ്ജീകരിച്ച ശാസ്ത്ര മുറിയിൽ ക്രമീകരിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് ആഴ്ചയിൽ ഒരു പരീക്ഷണം എന്ന രീതിയിൽ നടത്താനുള്ള അവസരം ഒരുക്കുന്നു.

## ലഘു പരീക്ഷണങ്ങൾ

ഓരോ ക്ലാസ്സുകളിലെയും പാഠഭാഗവുമായി ബന്ധപ്പെട്ടതും അനുബന്ധമായി ചെയ്യാവുന്ന പരീക്ഷണങ്ങളും അതതു ക്ലാസ്സ് അധ്യാപകന്റെ സഹായത്തോടെ പട്ടികപ്പെടുത്തുന്നു. സി.പി.ടി.എ. യിൽ ചർച്ച നടത്തി കൂടുതൽ പരീക്ഷണങ്ങൾ കണ്ടെത്തി പട്ടിക വിപുലീകരിക്കുന്നു. പി.ടി.എ. യുടെ സഹായത്തോടെ പരീക്ഷണ സാമഗ്രികൾ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. ശേഖരിക്കേണ്ടവ-വാങ്ങേണ്ടവ-നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരം തിരിച്ച് ക്ലാസ്സ് അധ്യാപകന് ചുമതല നൽകുന്നു. പി.ടി.എ. അംഗങ്ങളെ ഉൾപ്പെടുത്തി വിദഗ്ധന്റെ സഹായത്തോടെ പരീക്ഷണ ശില്പശാല നടത്തുന്നു. ഓരോ ക്ലാസ്സിലും ചാർട്ടു ചെയ്ത പരീക്ഷണങ്ങൾ ഓരോ മാസത്തിലെയും രണ്ടാമത്തേയും നാലാമത്തെയും വ്യാഴാഴ്ചകളിൽ ഉച്ചയ്ക്കുശേഷം അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ ചെയ്യുന്നു. ഓരോ പരീക്ഷണങ്ങളുടെയും പ്രശ്നം അവതരിപ്പിക്കുകയും കുട്ടികൾക്ക് ഊഹിക്കാനുള്ള അവസരം നൽകുന്നു. പരീക്ഷണകുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കി വിലയിരുത്തൽ നടത്തുന്നു. വർഷാവസാനം മികച്ച പരീക്ഷണകുറിപ്പുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. രക്ഷിതാക്കൾക്കായി ഒരു ലഘുപരീക്ഷണമേള കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്നു.

## ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷ വായന - ലേഖനം ആശയവിനിമയം എന്നി മേഖലയിൽ ഓരോ കുട്ടിയും കഴിവ് നേടുമെന്ന് ഉറപ്പാക്കും.

സർഗ്ഗാത്മക - ഇംഗ്ലീഷ് പഠനാന്തരീക്ഷം - തിയേറ്റർ സാധ്യതകൾ പ്രയോജനപ്പെടുത്തി കാര്യക്ഷമമാക്കും.

ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് ശ്രദ്ധിക്കാനും, സ്വാംശീകരിക്കാനുമുള്ള അവസരങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കും.

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന്. | Pre-Test പരിഹാര പ്രവർത്തന പാക്കേജ്<br>ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ബാലസഭയിൽ മികച്ച രചനകൾ അവതരണം, സ്കിറ്റുകൾ എന്നിവ അവതരിപ്പിക്കൽ.<br>ഇംഗ്ലീഷിൽ ലഘു പ്രസംഗങ്ങൾ<br>ഇംഗ്ലീഷ് കഥപറയൽ<br>Self Introduction<br>ക്ലാസ്സിൽ ഇംഗ്ലീഷിൽ ഡയറി വായന<br>സ്കിറ്റ്/ റോൾപ്ലേ അവതരണം, ഡ്രാമ (ഇംഗ്ലീഷ് തിയേറ്റർ) ഇംഗ്ലീഷ് ഗെയിം<br>ഇംഗ്ലീഷ് അസംബ്ലി മാസത്തിൽ<br>2,4 ആഴ്ചകളിൽ | 2018 - 2020 | പ്രധാനാധ്യാപിക<br>ക്ലാസ്സ് അധ്യാപകർ<br>SRG<br>PTA | |
| 2. | സർഗ്ഗാത്മകത | ഇംഗ്ലീഷ് പാഠങ്ങളുമായി ബന്ധപ്പെട്ട പഠനാന്തരീക്ഷമൊരുക്കൽ (Magic Wall) പാഠഭാഗത്തെ ആസ്പദമാക്കിയുള്ള സ്വന്തം രചനകൾ<br>Song, Pictures, Description etc | | | |

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| | വായനാപരിപോഷിപ്പിക്കൽ (കുഞ്ഞുവായന) മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും സ്വായത്തമാക്കിയുള്ള വായന. | ഒരു ദിവസം ഒരു Programme eg:- Story Telling, Skit etc. | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ |
| | | ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി, ലഘു വായനാ പുസ്തകം, ഇംഗ്ലീഷ് പത്രം. | ജൂൺ മുതൽ | പ്രധാനാധ്യാപിക ഇംഗ്ലീഷ് ടീച്ചർ |
| | | വായനാ കാർഡ് നിർമ്മാണം. | | |
| | | കുഞ്ഞുവായന - പ്രീടെക്സ്റ്റ് | | |
| | | അക്ഷര പാട്ടുകൾ ശേഖരണം. | ആഗസ്റ്റ് മുതൽ | PTA |
| | | അക്ഷരചിത്ര - വാക്യ കാർഡുകൾ ഉപയോഗിച്ചുള്ള വായന | | ക്ലാസ്സ് ടീച്ചർ |
| | | വായനാകാർഡു നിർമ്മാണം - (രക്ഷിതാക്കളുടെ സഹായത്തോടെ) | | |
| | | കഥകൾ/കവിതകൾ ശേഖരിച്ച് | | |
| | | വായനാകാർഡ് വായിക്കുന്നു. വായനാമത്സരം. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം | സ്രോതസ്സ് |
|---|---|---|---|---|---|
| | നിലവാര രേഖ, വിദഗ്ധരായ അധ്യാപകരുടെ (ഡയറ്റ്, ബി.ആർ.സി., എസ്.എസ്.ജി. അംഗങ്ങൾ) സാന്നിധ്യത്തിൽ ചർച്ച നടത്തുന്നു. അവരുടെ സഹായത്തോടെ ഒരു മൊഡ്യൂൾ തയ്യാറാക്കുന്നു. അത് ക്ലാസ്സ്റൂം പ്രവർത്തനങ്ങളുമായി ലിങ്ക് ചെയ്യുന്നു. സാമ്പിൾ പ്രവർത്തനങ്ങൾ ചെയ്യുന്നു. അതിന്റെ വിലയിരുത്തൽ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. വിശകലനം ചെയ്യുന്നു. | ജൂൺ 15 മുതൽ ആഗസ്റ്റ് 1 വരെ | ക്ലാസ്സ് അധ്യാപകർ SRG | 100/- | സ്കൂൾ ഫണ്ട് |
| | സ്കൂൾ ഇടവേളയിൽ നൽകാവുന്ന രീതിയിൽ ഇംഗ്ലീഷ് സ്പെഷൽ ടീച്ചർക്ക് നൽകാവുന്ന പ്രവർത്തനങ്ങൾ പ്രത്യേക പാക്കേജായി തയ്യാറാക്കുന്നു. (വൊക്കാബുലറി വിപുലീകരണം ലളിതമായ ഗ്രാമറുകൾ, ഗെയിമുകൾ, തിയേറ്റർ സാധ്യതകൾ അത് നടപ്പിലാക്കുന്നു. | ആഗസ്റ്റ് 1 മുതൽ സെപ്തംബർ 1 വരെ | ക്ലാസ്സ് അധ്യാപകർ SRG ഇംഗ്ലീഷ് സ്പെഷൽ ടീച്ചർ | 100/- | സ്കൂൾ ഫണ്ട് |
| | പാദവാർഷിക പരീക്ഷയ്ക്ക് മുമ്പേ കുട്ടികൾ ആർജ്ജിച്ച ശേഷികളുടെ പ്രകടനം രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു. | സെപ്തംബർ ആദ്യവാരം | ക്ലാസ്സ് അധ്യാപകർ SRG ഇംഗ്ലീഷ് സ്പെഷൽ ടീച്ചർ | 100/- | സ്കൂൾ ഫണ്ട് |

<u>ഇംഗ്ലീഷ്</u> ഭാഷ നൈപുണി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ
നൈപുണി വർദ്ധിപ്പിക്കാനുള്ള പദ്ധതികളുടെ മുന്നോടിയായി ഞങ്ങൾ ഈ
കാര്യം ആദ്യം എസ്.ആർ.ജിയിൽ ചർച്ച ചെയ്യുന്നു. അങ്ങനെ പ്രിടെസ്റ്റ്
നടത്തി പരിഹാര പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. ഇതിന്റെ മുന്നോടി
യായി എല്ലാ കുട്ടികളും അവരുടെ പേര്, കൂട്ടുകാരുടെ പേര്, സ്കൂളിന്റെ
എന്നിവ സ്വന്തമായി എഴുതുന്നു. ഓരോ കുട്ടിയും Self Introduce ചെയ്യുന്നു.
ക്ലാസ്സ് തലത്തിലുണ്ടാകുന്ന പ്രവർത്തനങ്ങൾ (Conversation, Poem,
Stories) അവതരണം. ചെയ്യപ്പെട്ടത് ബാലസഭയിൽ അവതരിപ്പിക്കുന്നു.
മാസത്തിൽ 2 തവണ ഇംഗ്ലീഷ് അസംബ്ലി ചേരുന്നു. കുട്ടികളുടെ ഡയറി,
ലഘു പ്രസംഗങ്ങൾ, ഇംഗ്ലീഷ് പത്ര വായന എന്നിവ അവതരിപ്പിക്കുന്നു.
കൂടാതെ ക്ലാസ്സ് തലത്തിൽ കോൺവർസേഷൻ, സ്കിറ്റ് , ഇംഗ്ലീഷ് ഗെയിം
എന്നിവ അവതരിപ്പിക്കുന്നു. പഠനാന്തരീക്ഷമൊരുക്കുന്നതിന്റെ ഭാഗമായി
മാജിക്ക് വാൾ രൂപീകരണം.

ക്ലാസ്സ് ലൈബ്രറിയുടെ ഭാഗമായി വായന കാർഡ്സ് നിർമ്മാണം. രക്ഷിതാ
ക്കളും അധ്യാപകരുടെയും കൂട്ടായ പ്രവർത്തനം. വായന കാർഡ് വായിച്ച്
മനസ്സിലാക്കിയ കാര്യങ്ങൾ അവതരണം. ബാലസഭയിൽ അവതരണം. ജൂൺ
മുതൽ പ്രാവർത്തികമാക്കാവുന്നതാണ്. ഒരു അധ്യയന വർഷം മുഴുവൻ
ഇവയ്ക്ക് നൽകാം.

## ഇംഗ്ലീഷ് എല്ലാ കുട്ടികൾക്കും പറയാനും, വായിക്കാനും, എഴുതാനുമുള്ള ശേഷി കൈവരിക്കൽ

ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ നിന്ന് ഓരോ കുട്ടിയുടെയും നിലവാരം തിരിച്ചറിഞ്ഞ് ക്ലാസ്സ് അധ്യാപകർ രേഖപ്പെടുത്തുന്നു. തുടർന്ന് ഓരോ ക്ലാസ്സിനും അനുയോജ്യമായ വർക്ക്ഷീറ്റുകൾ അധ്യാപകർ ബി.ആർ.സിയിലെയും ഡയറ്റിലെയും അധ്യാപരുടെയും നിർദ്ദേശാനുസരണം തയ്യാറാക്കുന്നു. കുട്ടികൾക്ക് അടിസ്ഥാന പരിശീലനവും, ആശയവിനിമയ അവസരങ്ങളും സൃഷ്ടിക്കുന്നു. ഒഴിവു വേളയിലും ശനിയാഴ്ചകളിലും വിദഗ്ധരായ അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നു. 2 മാസത്തെ വിദഗ്ധ പരിശീലനത്തിനുശേഷം കുട്ടികളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. ലഘു സ്കിറ്റുകൾ, റൈമുകൾ, കഥകൾ, എന്നിവ അവതരിപ്പിക്കാൻ വേദിയൊരുക്കുന്നു. (ഇംഗ്ലീഷ് ഫെസ്റ്റ്)

## മുട്ടുങ്ങൽ വി.ഡി.എൽ.പി. സ്കൂൾ പദ്ധതി നിർദേശങ്ങൾ

### ഇംഗ്ലീഷ് ഭാഷാ വികസന പദ്ധതി

ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള സാധ്യത
കളെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. എന്നതാണ് പദ്ധതി കൊണ്ട്
നിർദ്ദേശിക്കുന്നത്. 2016ൽ എല്ലാ ശനിയാഴ്ചകളിലും പ്രഗത്ഭരായ അധ്യാപ
രുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സ് നടത്തിയിട്ടുണ്ട്. ഇത് കൂടുതൽ
വിപുലീകരിക്കാനും ആഴ്ചയിലൊരു ദിവസം സ്കൂളിലെ അധ്യാപകർ
ഓരോ ക്ലാസ്സിലും ഇംഗ്ലീഷ് പ്രത്യേക പദ്ധതിയുടെ മൊഡ്യൂൾ (ഏങ്ങർ മാത്യ
ക) ഉപയോഗിച്ച് ക്ലാസ്സെടുക്കുന്നു. മൊഡ്യൂൾ 1,2, ക്ലാസ്സുകൾക്കും 3,4
ക്ലാസ്സുകൾക്കും പ്രത്യേകം തയ്യാറാക്കുന്നു. കൂടാതെ ഡയറ്റ്, ബി.ആർ.സി.
തലത്തിൽ തയ്യാറാക്കപ്പെടുന്ന മൊഡ്യൂളുകളും പ്രയോജനപ്പെടുത്തുന്നു.
മാസത്തിലൊരു ഇംഗ്ലീഷ് ഭാഷാ തിയേറ്റർ പ്രോഗ്രാം സ്കൂളിൽ സംഘടിപ്പി
ക്കുന്നു. മാസത്തിലൊരു തവണ എസ്.ആർ.ജിയിൽ പദ്ധതി വിലയിരുത്തി
മെച്ചപ്പെടുത്തുന്നു. മാർച്ച് മാസമാകുമ്പോഴേക്കും വ്യത്യസ്ഥ വായനാ സാമ
ഗ്രികൾ വായിക്കാനും, അതിലെ ആശയം തിരിച്ചറിഞ്ഞ് ഇംഗ്ലീഷിൽ തന്നെ
പറയാനും എഴുതാനും കഴിയാവുന്ന നിലയിലേക്ക് കുട്ടികളെ വളർത്തിയെ
ടുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

## രക്ഷാകർതൃസമൂഹം, പൊതുസമൂഹം

കുട്ടികളുടെ പഠന കാര്യങ്ങളിൽ കാര്യക്ഷമമായി ഇടപഴകുന്ന രക്ഷാകർതൃസമൂഹത്തെ രൂപപ്പെടുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ പൊതുസമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കാവുന്ന രീതിയിൽ പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിനായി വിവിധ പഠനക്ലാസ്സുകൾ സ്കൂളിൽ നടത്തും.

സ്കൂളിലെ ലൈബ്രറി, ഇന്റർനെറ്റ് സൗകര്യങ്ങൾ അത് ലഭ്യമാകാത്തവർക്ക് ആവശ്യഘട്ടങ്ങളിൽ പ്രയോജനപ്പെടുത്താൻ അവസരങ്ങൾ നൽകും.

## ക്യാമ്പുകൾ– കുട്ടികൾക്കും, രക്ഷിതാക്കൾക്കും

സ്കൂളിന്റെ പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളുടെ പരിമിതി മറികടക്കാനും ,
വിലയിരുത്താനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും
അതിനുവേണ്ടിയുള്ള വിദഗ്ധസേവനം ഉറപ്പാക്കുകയും കുട്ടികളുടെ കഴിവു
കൾ അവരുടെ സഹായത്തോടെ കണ്ടെത്തുക എന്ന ലക്ഷ്യമാണ് ക്യാമ്പു
കൾ കൊണ്ട് ഉദ്ദേശിക്കുന്നത്. 2,3,4 ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കുമായി
ഭാഷ, ഗണിതം, പരിസര പഠനം, കലാപഠനം പ്രവൃത്തി പരിചയം തുടങ്ങിയ
മേഖലകളെ അടിസ്ഥാനമാക്കി പരിശീലന പരിപാടി നടത്തുന്നു. അതിന് വിദ
ഗ്ധരായ അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നു. വിദഗ്ധരായ അധ്യാപക
രോട് ക്യാമ്പിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്ത് പ്രവർത്തനത്തിന്റെ ലക്ഷ്യ
വും, സമീപനവും പ്രവർത്തന പരിപാടികളും കൃത്യമായി ആസൂത്രണം
ചെയ്യുന്നു. ഈ ക്യാമ്പ് രാവിലെ 10 മണിമുതൽ രാത്രി 9 മണിവരെ എന്ന
സമയ ക്രമത്തിൽ ആവശ്യമായ ദിവസങ്ങൾ തീരുമാനിക്കുന്നു. ക്യാമ്പിന്റെ
എല്ലാദിവസങ്ങളിലും രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടി
പ്പിക്കുന്നു. തുടർച്ചയായ ദിവസങ്ങളിൽ നടക്കുന്ന ക്യാമ്പിന്റെ ഏതെങ്കിലും
പ്രവർത്തനങ്ങളുമായും, ബോധവൽക്കരണ ക്ലാസ്സുമായും സ്കൂളിലെ
എല്ലാ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കൽ നല്ല ഇടപെടൽ സ്റ്റാഫ്
പി.ടി.എ., എസ്.എസ്.ജി. സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നു.

## പഠന പിന്നോക്കാവസ്ഥ/പഠന വൈകല്യങ്ങൾ

ശാസ്ത്രീയ പരിശോധനയിലൂടെ കുട്ടികളുടെ പഠന പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് വിദഗ്ധരുടെ സഹായത്തോടെ സ്കൂളിൽ ക്യാമ്പുകൾ സംഘടിപ്പിക്കും.

കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരമായി ചെയ്യാവുന്ന പ്രവർത്തനങ്ങളുടെ പാക്കേജ് തയ്യാറാക്കുകയും മികച്ച പരിശീലനങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കും. (മലയാള തിളക്കം, സാക്ഷരം)

## പഠന വൈകല്യം കണ്ടെത്താനും പരിഹാര ബോധനം നൽകുന്നതിനുമുള്ള ക്രിയാ ഗവേഷണം

പഠന വൈകല്യം കാരണം പഠനപിന്നോക്കാവസ്ഥയിലുള്ള ചില വിദ്യാർത്ഥികൾ ഓരോ ക്ലാസ്സ് മുറിയിലുമുണ്ട്. ഇവരുടെ പഠന പ്രശ്നങ്ങൾ ബി.ആർ.സി.യിലെ വിദഗ്ധരായ അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സഹായത്തോടെ കണ്ടെത്തുകയും പരിഹാര ബോധനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

1,2 ക്ലാസ്സുകൾ 3,4 ക്ലാസ്സുകൾ പ്രത്യേക യൂണിറ്റുമായി പരിഗണിച്ച് സ്കൂളിലെ 2 അധ്യാപകരെ ഓരോ യൂണിറ്റിനും ചുമതല നൽകുന്നു. ജൂൺ മാസത്തിലെ പ്രവൃത്തി ദിവസങ്ങളിലെ ക്ലാസ്സ്റൂം അനുഭവങ്ങളിൽ നിന്ന് അത്തരം കുട്ടികളെ കണ്ടെത്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം അവരുടെ രക്ഷിതാക്കളുമായി ആശയ വിനിമയം നടത്തിയും , ഗൃഹസന്ദർശനം നടത്തിയും കുട്ടിയുടെ സാമൂഹ്യ അന്തരീക്ഷത്തിലെ പ്രശ്നങ്ങളും കണ്ടെത്തുന്നു. ഓരോ കുട്ടിക്കും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. എസ്.ആർ.ജിയിൽ ചർച്ച നടത്തുന്നു. പിന്തുണ ഉറപ്പാക്കുന്നു. കുട്ടികളുടെ ചുറ്റുപാടുമുള്ള പ്രയോജനപ്പെടുത്താവുന്ന വിദ്യാസമ്പന്നരായ മറ്റുള്ളവരുടെ സഹായവും തേടുന്നു. ഇവർക്കാവശ്യമായ അധിക പഠനസാമഗ്രികൾ തയ്യാറാക്കിയും വാങ്ങിയും കുട്ടിക്ക് ലഭ്യമാക്കുന്നു. ഇടവേളകളിലെ സമയം അവരുടെ പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. ക്ലാസ്സ്റൂം പ്രവർത്തനങ്ങളോടൊപ്പം ഭിന്നതല പ്രവർത്തനമായി നൽകാവുന്നവ ആ രീതിയിലും നൽകി കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മാസത്തിലൊരു തവണ എസ്.ആർ.ജിയിലും, രക്ഷിതാക്കളുമായും പഠനപുരോഗതി വിലയിരുത്തുന്നു. ആവശ്യമായ ആസൂത്രണം നടത്തുന്നു.

## സംഗീത പരിശീലനവും സംഗീത ഉപകരണ പരിശീലനവും

സ്കൂളിൽ വെച്ച് ആഴ്ചയിലൊരു ദിവസം സംഗീതത്തിൽ താൽപര്യമുള്ള കുട്ടികൾക്ക് മികച്ച സംഗീത അധ്യാപകന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു. സാമ്പത്തികശേഷി കുറഞ്ഞ രക്ഷിതാക്കൾക്ക് ഫീസിളവ് നൽകിയും മറ്റുള്ളവർക്ക് കുറഞ്ഞ ഫീസിലും സംഗീതം/ സംഗീത ഉപകരണ പരിശീലനത്തിനുള്ള അവസരം സ്കൂളിൽ ഒരുക്കുന്നു. സ്കൂളിന് സമീപ ത്തുള്ള താൽപര്യമുള്ള മറ്റു കുട്ടികൾക്കും അവസരം നൽകുന്നു.

ലളിത കലാക്യാമ്പ്

ചിത്രരചന, പെയിന്റിംഗ്, പ്രവൃത്തി പരിചയം ശില്പകല എന്നിവയിൽ സ്കൂളിലെ പ്രവൃത്തിപരിചയ ക്ലാസ്സ്റൂമുകളിലെയും മറ്റും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ താൽപര്യമേഖല കണ്ടെത്തുന്നു. ചിത്രകല, പ്രവൃത്തി പരിചയം (കളിമൺ രൂപങ്ങൾ ഉണ്ടാക്കൽ, മരപ്പണി, പേപ്പർ, ക്രാഫ്റ്റ്, പാഴ് വസ്തുക്കൾ കൊണ്ടും നിർമ്മാണം, മെറ്റൽ കാർവിംഗ്) തുട ങ്ങിയ മേഖലയിൽ വിദഗ്ധരായ അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിനായി 3 ദിവസത്തെ ക്യാമ്പ് വേനലവധി കാലത്ത് നടത്തുന്നു. ക്യാമ്പിൽ വെച്ച് കുട്ടികളുടെ കഴിവുകൾ കണ്ടെത്തി രേഖപ്പെടുത്തുന്നു. കുട്ടികളുടെ തുടർപരിശീലനത്തിന് രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകു ന്നു. ഇങ്ങനെ മികച്ച പരിശീലനം നേടിയവരെ പ്രവൃത്തിപരിചയ മേളകളിൽ പങ്കെടുപ്പിക്കുന്നു.

ജീവ ചരിത്ര കുറിപ്പ്

കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ നൽകുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഓരോ ആഴ്ചയിലും ഒരു മഹാന്റെ പേര് തെരഞ്ഞെടുത്ത് 3,4 ക്ലാസ്സിലെ കുട്ടികൾക്ക് നൽകുന്നു. അവർക്ക് കഴി യുന്ന തരത്തിൽ വിവരങ്ങൾ ശേഖരിച്ച് ഒരു ജീവചരിത്രക്കുറിപ്പ് എഴുതിവ രാൻ പറയുന്നു. ഇതിൽ മികച്ചത് കണ്ടെത്തുന്നു. എല്ലാവരും ക്ലാസ്സിൽ വായി ക്കുന്നു. എല്ലാവരിൽ നിന്നും ക്രോഡീകരിച്ച് നോട്ടീസ് ബോർഡിൽ ഇടുന്നു. മാസത്തിൽ അവസാനം ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ക്വിസ് മത്സരം നടത്തി വിജയികളെ കണ്ടെത്തി സമ്മാനം നൽകുന്നു.

ബാലപ്രസിദ്ധീകരണങ്ങൾ

വായന പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ക്ലാസ്സിലും വായനാമൂല തയ്യാറാക്കുന്നു. ഇതിൽ ബാലപ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കാൻ (തളിര്, യുറീക്ക....) തീരുമാനിക്കുന്നു. ബാലപ്രസിദ്ധീകരണങ്ങൾ സ്കൂളിൽ നേരിട്ട് വരുത്തുന്നു. ഓരോ ക്ലാസ്സിലും നിശ്ചിത എണ്ണം ക്രമീകരിക്കുന്നു. ഉച്ചയ്ക്കും വൈകുന്നേരങ്ങളിലും വായിക്കാനവസരം നൽകുന്നു.

## സ്കൂളിലെ ഓരോ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ.

ലക്ഷ്യം: ഓരോ ക്ലാസ്സിലും അനുയോജ്യമായ പുസ്തകങ്ങൾ ആവശ്യാനുസരണം കുട്ടികൾക്ക് ലഭിക്കാവുന്ന രീതിയിൽ ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ.

പ്രവർത്തനങ്ങൾ

മാർച്ച് മാസത്തിൽ എസ്.ആർ.ജി. യോഗം ചേർന്ന് ഓരോ ക്ലാസ്സിലേക്കും ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുന്നു. ഈ പുസ്തകങ്ങൾ ലഭ്യമാകുന്ന ബുക്ക് സ്റ്റാളുകൾ കണ്ടെത്തുന്നു. ഓരോ ക്ലാസ്സിലും ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക വിലസഹിതം രക്ഷിതാക്കളുടെ പരിശോധനക്കായി നൽകുന്നു. പിന്നീട് പി.ടി.എ. വിളിച്ച് ചേർത്ത് പദ്ധതി വിശദീകരണം നടത്തുന്നു.

വില കുറവുള്ള പുസ്തകങ്ങൾ 5 കോപ്പി വീതവും മറ്റുള്ളവ 2 കോപ്പികൾ വീതവും ലഭിക്കാവുന്ന രീതിയിൽ സ്കൂളിലെ രക്ഷിതാക്കൾ, എസ്.എസ്.ജി. അംഗങ്ങൾ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ സമീപിക്കുന്നു. കുറേ അധികം പുസ്തകങ്ങൾ വാങ്ങിക്കുമ്പോൾ ലഭിക്കാവുന്ന കമ്മീഷൻ ഉപയോഗിച്ച് കൂടുതൽ പുസ്തകങ്ങൾ ലഭ്യമാകുന്നു. അതിനായി മുൻകൂട്ടി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ നിന്ന് വരുന്നവർ വാങ്ങുന്നവരുടെ പട്ടിക ബുക്ക് സ്റ്റാളുകാർ തയ്യാറാക്കുന്നു. അങ്ങനെ ആവശ്യമുള്ള ഗ്രന്ഥങ്ങൾ രക്ഷിതാക്കൾ അവിടെ പോയി വാങ്ങുകയോ സ്കൂളിൽ തുക ഏല്പിച്ച് സ്കൂൾ അധികൃതർ വാങ്ങുകയോ ചെയ്യുന്ന രീതി അവലംബിക്കുന്നു. അങ്ങനെ ഒരു മാസം കൊണ്ട് ഓരോ ക്ലാസ്സിലേക്കും ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാകുന്നു.

## കായിക പരിശീലനം

സ്കൂളിലെ 1 മുതൽ 4 വരെ ക്ലാസ്സിലെ കുട്ടികൾക്ക് മികച്ച കായിക ക്ഷമത ഉറപ്പാക്കുക എന്നതാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. 1 മുതൽ 4 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് ആഴ്ചയിലൊരു ദിവസം 1 മണിക്കൂർ ലഘുവ്യായാമങ്ങൾ സ്കിപ്പിംഗ്, ഷട്ടിൽ, വോളിബോൾ, ഫുട്ബോൾ ഓട്ടം, ചാട്ടം ഇവയിൽ പരിശീലനം നൽകുന്നു. മാസത്തിൽ ഒരു തവണ ഒരു കായികാധ്യാപകന്റെ നേതൃത്വത്തിൽ മികച്ച പരിശീലനം കുട്ടികൾക്ക് ലഭ്യമാക്കുന്നു. ഇതിനായി സ്കൂളിനടുത്തുള്ള ഗ്രാമപഞ്ചായത്ത് വക ഗ്രൗണ്ട് പ്രയോജനപ്പെടുത്തുന്നു. 2018 ജൂലൈ മുതൽ മാർച്ച് വരെ പരിശീലനം നൽകുന്നു. നിരന്തരമായ പരിശീലനങ്ങളിലൂടെ ഓരോ കുട്ടിയുടെയും കായിക പരമായ താൽപര്യമേഖല കണ്ടെത്തുന്നു.

ജൈവവൈവിധ്യ വിദ്യാലയം

ഞങ്ങളുടെ സ്കൂളിനെ മികച്ച ഒരു ജൈവവൈവിധ്യ വിദ്യാലയമാക്കി മാറ്റാ
നുള്ള പ്രവർത്തനത്തിന്റെ മുന്നോടിയായി ഞങ്ങൾ സ്കൂളിൽ പലപ്ര
വർത്തങ്ങളും ചെയ്തു വരുന്നു. അതിന്റെ മുന്നോടിയായി ഞങ്ങൾ മെയ്
മാസത്തിലെ എസ്.ആർ.ജിയിൽ കാര്യങ്ങൾ ചർച്ചചെയ്തു. അതുപ്രകാരം
ജൂൺ 5 പരിസ്ഥിതി ദിനത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളോടും അവർക്ക്
ലഭിക്കാവുന്ന സസ്യങ്ങൾ കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. എന്റെ മരം
എന്ന പദ്ധതിയുടെ ഭാഗമായി ഓരോ കുട്ടിയും സ്കൂളിലും വീട്ടിലും ഓരോ
മാസവും നിരീക്ഷിച്ച് അവയ്ക്കുണ്ടായ മാറ്റങ്ങൾ വിലയിരുത്തുന്നു. അവ
കുറിപ്പായി എഴുതി സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ഓരോ കുട്ടി
കളുടെയും വിലയിരുത്തലുകൾ കുട്ടികൾ പരസ്പരം അധ്യാപകരും വിലയി
രുത്തുന്നു. ആ വർഷം അവസാനം ഏറ്റവും നന്നായി നിരീക്ഷിച്ച് പരിപാലിച്ച്
എന്റെ മരം പദ്ധതി വിജയിപ്പിക്കുന്നതിൽ മുൻനിരത്തിലെത്തിയ കുട്ടികൾക്ക്
സമ്മാനം നൽകുന്നു.

ഇതുകൂടാതെ എന്റെ പിറന്നാളിന് എന്റെ വക ഒരു പൂച്ചെടി എന്ന ഒരു പദ്ധ
തിയും ഞങ്ങൾ നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി മുഴുവൻ കുട്ടികളും
അവരുടെ പിറന്നാളിന് ഒരു ചട്ടിയും ചെടിയും ഉപഹാരമായി സ്കൂളിന്
നൽകുന്നു. അങ്ങനെ മനോഹരമായ ഉദ്യാനമായി സ്കൂളിലെ മാറ്റാമെ
ന്നാണ് ഞങ്ങൾ കരുതുന്നത്.

# അറബിക്

കുട്ടികൾക്ക് അന്യമായ ഒരു ഭാഷ എന്ന നിലയിൽ ഇത് പഠിച്ചെടുക്കാൻ പ്രയാസമാണ് എന്ന ധാരണ നാം തിരുത്തേണ്ടതുണ്ട്. കുട്ടികളുടെ ജീവിതാനുഭവങ്ങളുമായി തട്ടിച്ചുകൊണ്ട് ഇത് നമുക്ക് തിരുത്താൻ സാധിക്കും. നാം ഉപയോഗിക്കുന്ന പദങ്ങളിൽ തന്നെ ധാരാളം അറബിവാക്കുകൾ ഉണ്ടെന്ന അവബോധം അവരിൽ ഉണ്ടാക്കി എടുക്കാം. പൊതുഭാഷയാണെന്ന് ധാരണ കുട്ടികളിൽ ഉണ്ടാക്കിയെടുക്കണം. ലോകത്ത് എവിടെയെത്തിയാലും ആശയവിനിമയത്തിനുള്ള സാധ്യത ഈ ഭാഷയ്ക്കുണ്ട്. പ്രത്യേകിച്ചും കേരളത്തിലുള്ള ജനങ്ങൾ ആശ്രയിക്കുന്ന ഗൾഫ് രാജ്യങ്ങളിൽ ഉപയോഗപ്പെടുത്താൻ ഈ ഭാഷാപഠനം കൊണ്ട് കഴിയും. അറബി ഭാഷാ പഠനം എളുപ്പമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഏതാനും പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തുന്നത്.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | *പ്രീടെസ്റ്റ്<br>*അക്ഷരം ഉറപ്പിക്കൽ<br>*അക്ഷരക്കാർഡ് നൽകൽ<br>ചിത്രകഥകൾ<br>*കഥ-ബാക്കി എഴുതൽ<br>*വാക്കുകൾ എഴുതിയകാർഡ്<br>*വാക്യങ്ങൾ നിർമിക്കൽ<br>*കഥാപുസ്തകം നൽകൽ<br>*അഭിമുഖം നടത്താം- സ്കൂൾ പരിസരത്തുള്ള ഗൾഫുകാരുമായി<br>*ഐ.സി.ടി സാധ്യത | ജൂൺ<br>ജൂൺ-ജൂലായ് | അറബിക് അധ്യാപകൻ | 8000 |
| 2. | കുട്ടിയെ മികച്ചവായനക്കാരനാക്കുക | *വായനക്കൂട്ടം രൂപീകരിക്കൽ<br>*വായനമൂല<br>*വായനാനുഭവം<br>*ദിനാചരണങ്ങൾ<br>*സാഹിത്യകാരൻമാരുമായും കവികളുമായുള്ള അഭിമുഖം<br>*അറബിക് ക്ലബ്ബ്<br>*ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>* ഇ-വായന | ജൂൺ<br>ജൂൺ-മാർച്ച്<br>നവംബർ | അറബിക് അധ്യാപകൻ | 2000 |

## <u>ഉപസംഹാരം</u>

ചോറോട് ഗ്രാമ പഞ്ചായത്തിലെ മുട്ടുങ്ങൽ പടിഞ്ഞാറ് ഭാഗത്തെ തീരദേശത്തെ മത്സ്യതൊഴിലാളികളും സാധാരണ തൊഴിലാളികളും തിങ്ങിനിറഞ്ഞു താമസിക്കുന്ന ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസ ആവശ്യകതയ്ക്കനുസരിച്ച് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ തുടരുന്നു. അതിന് സമാന്തരമായി തന്നെ ലഭ്യമായ ഭൗതിക സാഹചര്യത്തെ പ്രയോജനപ്പെടുത്തി മികച്ച രീതിയിലുള്ള അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലൂടെ ദേശീയ അന്തർദേശീയ നിലവാരത്തിനനുണഗുണമായ നിരവധി നേട്ടങ്ങൾ കൈവരിക്കാനാകും. അത്തരം പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കാനായാൽ ഒരു സമൂഹത്തിന്റെ തന്നെ പൊതുബോധത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകും. അതിന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്ന ചില പ്രവർത്തനങ്ങൾ മാത്രമാണ് ഞങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. അത് മെച്ചപ്പെടുത്താനും കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും ആവശ്യമായ ഫലപ്രദമായ നിർദ്ദേശങ്ങൾ ഞങ്ങൾക്ക് ലഭിക്കുമെന്ന പ്രതീക്ഷയോടെ പൊതു സമൂഹത്തിന്റെ വിലയിരുത്തലിനായി ഞങ്ങൾ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.